# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കണ്ണാടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001

ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ : 0491-2520145

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.പി.കെ.ഡി.15/601/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്-678001
തീയ്യതി: 20/04/2023
ഇ-മെയിൽ: dopkd.ksad@kerala.gov.in
ഫോൺ: 0491-2520145

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കണ്ണാടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.പി.കെ.ഡി.15/601/2023 തീയ്യതി: 20/04/2023

## പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 27-04-2022 മുതൽ 03-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| പി. എസ്. സാബു | ഡെപ്യൂട്ടി ഡയറക്ടർ | 04-02-2023 | 10-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-02-2023 | 10-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

എസ്. പ്രേമാനന്ദ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
പി. സരിത, സീനിയർ ഗ്രേഡ് ഓഡിറ്റർ
എം. വി. ബീന, സീനിയർ ഗ്രേഡ് ഓഡിറ്റർ
കെ. ബേബി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ലത എം | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| സോഫിയ മാത്യു | സെക്രട്ടറി | 01-04-2021 | 30-06-2021 |
| സോമ സുന്ദരൻ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2021 | 11-07-2021 |

| | | | |
|---|---|---|---|
| കിഷോർ | സെക്രട്ടറി | 12-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ധന്യ | കൃഷി ഓഫീസർ | 01-04-2021 | 12-10-2021 |
| ഉണ്ണി റാം എ.എച്ച് | കൃഷി ഓഫീസർ | 13-10-2021 | 26-10-2021 |
| ധന്യ | കൃഷി ഓഫീസർ | 27-10-2021 | 31-03-2022 |
| ദേവദാസ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| അതിഥി | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| നിഷ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ഉഷാകുമാരി | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2021 | 31-03-2022 |
| രജിത | വി.ഇ.ഒ. - 1 | 01-04-2021 | 31-03-2022 |
| നഷീദ | വി.ഇ.ഒ. - 2 | 01-04-2021 | 31-03-2022 |
| സലീന | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഗീത | ഹെഡ് മിസ്ട്രസ് | 01-04-2021 | 31-03-2022 |
| അനിത | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| സോമസുന്ദരം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| രാജേഷ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| രാധിക പി.എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 23-07-2021 |
| ജയപ്രകാശ് സി.സി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 24-07-2021 | 13-10-2021 |
| ജയലക്ഷ്മി കെ. | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 14-10-2021 | 16-11-2021 |
| പ്രിയ പി.ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 17-11-2021 | 07-12-2021 |
| അജ്ഞന എം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 08-12-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക കണക്ക് | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | "ചെക്ക് ഇഷ്യൂ ബട്ട് നോട്ട് പ്രസന്റഡ് ഇ**ൻ** ബാങ്ക് "വിഭാഗത്തി**ൽ** ഉ**ൾ**പ്പെട്ട ചെക്കുക**ൾ** സ്റ്റെയി**ൽ** ചെക്ക് വിഭാഗത്തി**ൽ** ഉ**ൾ**പ്പെടുത്തേണ്ടതാണ്. | 1-2-2 |
| 5 | ട്രഷറി സേവിങ്സ് ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. | 1-2-3 |
| 6 | പ്രതിമാസ റീകൺസിലിയേഷ**ൻ** നടത്തിയിട്ടില്ല. | 1-2-4 |
| 7 | വാർഷിക കണക്കുകൾ - മറ്റ് അപാകങ്ങൾ | 1-2-4 |
| 8 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കണം | 1-4-1 |
| 11 | പദ്ധതി അവലോകനം | 1-5 |
| 12 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 13 | ക്ഷേമ പദ്ധതികൾ | 1-7 |
| 14 | ക്യാഷ് പരിശോധന | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം: | 1-9 |
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 17 | തൊഴി**ൽ** നികുതി കളക്ഷനി**ൽ** കുറവ് വന്നിട്ടും കുടിശ്ശിക കാണിക്കുന്നില്ല. | 1-11 |
| 18 | തൊഴി**ൽ** നികുതി അടവാക്കിയിട്ടില്ല. | 1-12 |
| 19 | വസ്തു നികുതി-തെറ്റായ നിർണ്ണയം | 1-13 |
| 20 | തെരുവുവിളക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും ലൈൻ വലിക്കലും- ചെലവു തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല | 1-14 |
| 21 | വയോജനങ്ങൾക്ക് കട്ടിൽ പദ്ധതി- വാങ്ങൽ നടപടികളിലെയും ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെയും അപാകങ്ങൾ -13050 രൂപ തടസ്സം | 1-15 |
| 22 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-16 |
| 23 | ഭവനപുനരുദ്ധാരണ പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പു വരുത്തേണ്ടതാണ് | 1-17 |
| 24 | ഹോമിയോ ഡിസ്പെൻസറിക്കു മരുന്നു വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല | 1-18 |
| 25 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതി - മുഴുവൻ മാസങ്ങളിലും | 1-19 |

| | | |
|---|---|---|
| | ആനുകൂല്യം അനുവദിച്ചില്ല | |
| 26 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണം | 1-20 |
| 27 | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് - സുഭിക്ഷകേരളം പദ്ധതി പ്രകാരമുള്ള പ്രോജക്റ്റ് നടപ്പിലാക്കിയിട്ടില്ല | 1-21 |
| 28 | കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് സ്ഥാപിക്കാത്തത്: | 1-22 |
| 29 | കടകുറുശ്ശി സ്കൂളിൽ സ്മാർട്ട് ക്ലാസ്സ്റൂം സജ്ജീകരിക്കൽ - കമ്പ്യൂട്ടർ ലഭ്യമായില്ല. | 1-23 |
| 30 | കണ്ടിൻജൻസി ചെലവുകളുടെ മുഴുവൻ ചെലവുരേഖകളും ഹാജരാക്കിയില്ല | 1-24 |
| 31 | തൊഴിലുറപ്പ് പദ്ധതി- രേഖകളുടെ സൂക്ഷിപ്പിലെ അപാകങ്ങൾ | 1-25 |
| 32 | ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം | 1-26 |
| 33 | ഹരിതകർമ്മസേനക്ക് വാഹനം വാങ്ങൽ | 1-27 |
| 34 | ഹരിതകർമ്മസേനയുടെ പ്രവർത്തനം | 1-28 |
| 35 | അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പദ്ധതികൾ - പൊതുവായ വിവരങ്ങൾ | 1-29 |
| 36 | ഒരേ റോഡിന്റെ സെക്കന്റ് മെറ്റലിങ്ങും ടാറിങ്ങും രണ്ട റീച്ചുകളായി വിഭജിച്ച് രണ്ട് പ്രൊജക്ടുകളായി നടപ്പാക്കി | 1-30 |
| 37 | പാർട്ട് ബിൽ നൽകി നാളിതുവരെ പൂർത്തിയാക്കാത്ത പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കണം | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക ധനകാര്യ പത്രിക - സംക്ഷിപ്തം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

23/02/2021തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 25/02/2022തീയതിയിലെ 4-1തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| 2021-22 | നടപ്പ് ബജറ്റ് | പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 9627821 | 9627821 |
| വരവ് | 267364700 | 269522700 |
| ആകെ | 276992521 | 279150521 |
| ചെലവ് | 268578000 | 272075000 |
| നീക്കിയിരിപ്പ് | 8414521 | 7075521 |

### 1-2 വാർഷിക കണക്ക്

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2022 | 17.6.2022 | . | . |

### 1-2-1 വാർഷിക കണക്കിലെ അപാകതകൾ

വാർഷിക കണക്കുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

### 1-2-2 "ചെക്ക് ഇഷ്യൂ ബട്ട് നോട്ട് പ്രസന്റഡ് ഇൻ ബാങ്ക് "വിഭാഗത്തിൽ ഉൾപ്പെട്ട ചെക്കുകൾ സ്റ്റെയിൽ ചെക്ക് വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

എസ്.ബി.ഐ ബാങ്കിൽ സൂക്ഷിച്ചിരിക്കുന്ന തനത്ഫണ്ടിന്റെ അക്കൗണ്ട് നമ്പർ-67199940336ന്റെ അവസാനമായി ഹാജരാക്കിയിരിക്കുന്ന ആഗസ്റ്റ് മാസത്തെ ബാങ്ക് റീകൺസിലേഷൻ സ്റ്റേറ്റ് മെന്റിൽ "ചെക്ക് ഇഷ്യൂ ബട്ട് നോട്ട് പ്രസന്റഡ് ഇൻ ബാങ്ക് "വിഭാഗത്തിൽ ഉൾപ്പെട്ട ചെക്കുകൾ നാളിതുവരെയായിട്ടും ബാങ്കിൽ നിന്നും മാറിയെടുത്താതയി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ചെക്ക് നം | തീയതി | തുക |
|---|---|---|---|
| 1 | 663055 | 4.8.2021 | 6440 |
| 2 | 586503 | 30.6.2021 | 300 |
| 3 | 663047 | 2.8.2021 | 12420 |
| 4 | 176777 | 18.4.2022 | 45072 |
| 5 | 191890 | 4.4.2022 | 5817 |
| 6 | 168088 | 31.3.2022 | 300 |
| 7 | 191886 | 31.3.2022 | 4630 |

മേൽ പരാമർശിച്ചിരിക്കുന്ന ചെക്കുകൾ കാലാവധി (മൂന്ന് മാസം) കഴിഞ്ഞതിനാൽ സ്റ്റെയിൽ ചെക്ക് വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

### 1-2-3 ട്രഷറി സേവിങ്സ് ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2022-ഏപ്രിൽ മുതൽ 2023 ജനവരി വരെയുള്ള ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| അക്കൗണ്ട് | അക്കൗണ്ട് നം | കോഡ് |
|---|---|---|
| ടി.എസ്.ബി 98201 | ലഭ്യമല്ല. | 450450102 |

ട്രഷറി സേവിങ്സ് ബാങ്ക് അക്കൗണ്ട് സ്റ്റേറ്റ്മെന്റ്/ പാസ്ബുക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-2-4 പ്രതിമാസ റീകൺസിലിയേഷൻ നടത്തിയിട്ടില്ല.

പഞ്ചായത്തിരാജ് അക്കൗണ്ട്സ് ചട്ടം 57 പ്രകാരം ബാങ്ക്/ട്രഷറി അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ ഓരോ മാസത്തിന്റെയും,അവസാനം ലഭിക്കുന്ന ബാങ്ക്/ട്രഷറിഅക്കൗണ്ട്ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തേണ്ടതാണ്. എല്ലാ മാസവും 5തീയതിക്കകം അക്കൗണ്ടന്റ്,ബാങ്ക്/ട്രഷറിപൊരുത്തപ്പെടുത്തൽ പത്രിക തയ്യാറാക്കേണ്ടതാണ്. സെക്രട്ടറി പൊരുത്തപ്പെടുത്തൽ പത്രിക സാക്ഷ്യപെടുത്തേണ്ടതാണ്.എന്നാൽ ആഗസ്റ്റ് 2022ന് ശേഷം പ്രതിമാസം റീകൺസിലേഷൻ നടത്തിയിട്ടില്ല.ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (13/10.2.2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ട പ്രകാരമുള്ള വിവരങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2-4 വാർഷിക കണക്കുകൾ - മറ്റ് അപാകങ്ങൾ

1. പൊതുവിഭാഗം വികസന ഫണ്ട് ACR പ്രകാരമുള്ള ചെലവ് ₹8918866/- ആണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ (RP 7) ₹8899780/- ആണ്.

2. പ്രത്യേക ഘടകപദ്ധതി വികസന ഫണ്ട് ACR പ്രകാരമുള്ള ചെലവ് ₹14843893/- ആണ്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ (RP 7) ₹11574241/- ആണ്.

3. ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500-----Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് അതാത് ചെലവ് ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നതിനു പകരം ഇത്തരത്തിലുള്ള ചെലവുകൾ Administrative Expenses ൽ ഉൾപ്പെടുത്തി Other Administrative Expenses എന്ന ഹെഡിൽ ബുക്ക് ചെയ്തിട്ടുള്ളതായി കാണുന്നു.

4. ബാലൻസ് ഷീറ്റ് - B18 ഷെഡ്യൂൾ പ്രകാരം 44882 രൂപ Deposit With KSEB കാണുന്നു. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

5. Balance Sheet B4ലെ ഹെഡ് കോഡ് 320100299, 320200399, 320400199 എന്നിവയിൽ രേഖപ്പെടുത്തിയ തുകകൾ ഏത് ഇനത്തിന്റെതാണെന്ന് വ്യക്തമാക്കിയിട്ടില്ല.

ഇക്കാര്യത്തിൽ വ്യക്തതവരുത്താനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 22/10-02-2023 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 17624946.00 |
| വരവ് | 89780585.00 |
| ആകെ | 107405531.00 |
| ചെലവ് | 82146546.00 |
| നീക്കിയിരിപ്പ് | 25258985.00 |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 8919464 | 8919464 | 8899780 | 19684 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 14843893 | 14843893 | 11574241 | 3269652 |
| മെയിന്റനൻസ്, റോഡ് | 0 | 12316200 | 12316200 | 8905514 | 3410686 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5400054 | 5400054 | 3701433 | 1698621 |
| 15ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Untied (Interest ഉൾപ്പെടെ) | 0 | 2447861 | 2447861 | 1087885 | 1359976 |
| സ്പിൽ ഓവർ പദ്ധതികൾക്കായി ലഭ്യമായ 14ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Untied | 0 | 457538 | 457538 | 349577 | 107961 |
| 15ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Tied | 0 | 3587000 | 3587000 | 933386 | 2653614 |
| സ്പിൽ ഓവർ പദ്ധതികൾക്കായി ലഭ്യമായ 14ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Tied | 0 | 3906504. | 3906504 | 1525908 | 2380596 |

2392000/- തൻവർഷ അലോട്ട്മെന്റും ₹54678/- ബാങ്ക് പലിശയും ചേർന്നുള്ള തുകയാണ് 15ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Untied വരവായി പട്ടികയിൽ ചേർത്തത്.

മുകളിലെ പട്ടികയിൽ കൊടുത്തിരിക്കുന്ന തുകകൾ കൂടാതെ പദ്ധതി നടത്തിപ്പിനായി വികസന ഫണ്ട് ഉറവിടത്തിൽ നിന്നും കുറവുചെയ്തതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ഉറവിടത്തിൽ നിന്നും കുറവുചെയ്തത് | ACR പ്രകാരമുള്ള വരവ് | യഥാർത്ഥ വരവ് | ACR പ്രകാരമുള്ള ചെലവ് | യഥാർത്ഥ ചെലവ് |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതുവിഭാഗം | 2204533 | 8919464 | 11123997 | 8899780 | 11104313 |

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി | 352000 | 14843893 | 15195893 | 11574241 | 3269652 |

കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| TSC | 1946368 | 17,056 | 1963424 | 1783424 | 180000 |
| NREGS | 11468 | 26965239 | 26976707 | 26976559 | 148 |
| ICDS | 455,534 | 674032 | 1129566 | 999900 | 129666 |
| പ്രത്യേക ഗ്രാന്റ് | 3041261 | 0 | 3041261 | 2751055 | 290206 |

സംസ്ഥാനാവിഷ്കൃത പദ്ധതികൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 0 | 392,960 | 392960 | 392960 | 0 |

മറ്റ് ഫണ്ടുകൾ

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| മറ്റ് ഫണ്ടുകൾ | 1478237 | 0 | 1478237 | 1278237 | 200000 |
| മറ്റ് ഫണ്ടുകൾ | 16995 | 0 | 16995 | 0 | 16995 |

## 1-4-1 സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കണം

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ സമയബന്ധിതമായി വിനിയോഗിക്കാത്തതിനാൽ 2021-22 വർഷം ഗ്രാമ പഞ്ചായത്തിന് ₹10887200/- (ഒരുകോടി എട്ടുലക്ഷത്തി എൺപത്തേഴായിരത്തി ഇരുന്നൂറ് രൂപ) നഷ്ടമായിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഫണ്ടിനം | വരവ് | ചെലവ് | സി.ബി |
|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 8919464 | 8899780 | 19684 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 14843893 | 11574241 | 3269652 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 12316200 | 8905514 | 3410686 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 5400054 | 3701433 | 1698621 |
| സ്പിൽ ഓവർ പദ്ധതികൾക്കായി | 457538 | 349577 | 107961 |

| | | | |
|---|---|---|---|
| ലഭ്യമായ 14ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Untied | | | |
| സ്പിൽ ഓവർ പദ്ധതികൾക്കായി ലഭ്യമായ 14ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് - Tied | 3906504. | 1525908 | 2380596 |
| ആകെ | 45843653 | 34956453 | 10887200 |

പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കി പദ്ധതി നിർവ്വഹണത്തിനായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 184 | 87279980 | 140 | 52006853 | 0 | 44 | 76.09 |

നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ച് പദ്ധതിച്ചെലവുകളുടെ വിവരം :

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രൊജക്ടുകളുടെ എണ്ണം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 8247500 | 7850000 | 95.18 |
| വെറ്ററിനറി സർജൻ | 4 | 4 | 657000 | 444467 | 67.65 |
| മെഡിക്കൽ ഓഫീസർ (PHC) | 5 | 5 | 775000 | 733619 | 94.66 |
| മെഡിക്കൽ ഓഫീസർ | 2 | 2 | 320000 | 320000 | 100 |

| | | | | | |
|---|---|---|---|---|---|
| (Homoeo) | | | | | |
| മെഡിക്കൽ ഓഫീസർ (ISM) | 3 | 3 | 1030000 | 1030000 | 100 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 0 | 118954 | 0 | 0 |
| ICDS സൂപ്പർവൈസർ | 9 | 8 | 4947754 | 4126704 | 83.41 |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | 24 | 22 | 7163528 | 5921227 | 82.66 |
| ഹെഡ്മാസ്റ്റർ (GLPS) | 2 | 2 | 210000 | 208776 | 99.42 |
| VEO | 15 | 14 | 27762874 | 11275900 | 40.62 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 99 | 61 | 27332535 | 13818078 | 50.56 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 350000 | 350000 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 15 | 14 | 8364835 | 5928082 | 70.87 |
| ആകെ | 184 | 140 | 87279980 | 52006853 | 59.59 |

അംഗീകാരം ലഭിച്ച 184 പദ്ധതികളിൽ 140 എണ്ണം (76%) നടപ്പാക്കിട്ടുണ്ട്. വകയിരുത്തിയ തുകകളിൽ 59.59% ചെലവഴിച്ചിട്ടുണ്ട്. പ്രൊജക്ട് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രൊജക്ടുകൾ അതാത് വർഷം തന്നെ പൂർത്തീകരിച്ച് സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പൂർണ്ണമായും വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 11,468 | 875395 | 886863 | 886715 | 148 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 21,300,056 | 21,300,056 | 21,300,056 | 0 |
| സാധന സാമഗ്രികൾ | 0 | 4,743,426 | 4,743,426 | 4,743,426 | 0 |
| മറ്റുള്ളവ | | 46362 | 46362 | 46362 | 0 |
| ആകെ | 11468 | 26965239 | 26976707 | 26976559 | 148 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച | ഗുണഭോക്താളുടെ |
|---|---|---|

| | തുക | എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 11,050,800 | 653 |
| വിധവാപെൻഷൻ | 15,157,000 | 1019 |
| വാർദ്ധക്യകാലപെൻഷൻ | 24,347,300 | 1728 |
| വികലാംഗപെൻഷൻ | 4,210,400 | 279 |
| അവിവാഹിത പെൻഷൻ | 1,029,000 | 67 |

### 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 4.2.2023തീയതിയിൽ മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹11,552/-( പതിനൊന്നായിരത്തി അഞ്ഞൂറ്റിയമ്പത്തിരണ്ട് രൂപ) ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം:

ബജറ്റ് തയ്യാറാക്കുമ്പോൾ അവലംബിക്കേണ്ട രീതികളും സമയക്രമവും വ്യക്തമാക്കിക്കൊണ്ട് GO(Rt)No.3291/2016/LSGD Dated 2.12.2016 പ്രകാരം ബജറ്റ് മാന്വൽ സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ ഈ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും മുൻ വർഷത്തെ ചെലവുമായി താരതമ്യപ്പെടുത്തി യാഥാർത്ഥ്യവുമായി ഒത്തുപോവുന്ന ഒരു ബജറ്റ് തയ്യാറാക്കേണ്ടതുമാണ്.

മാസാന്ത്യ റീ കൺസിലിയേഷൻ നടത്തുന്നുണ്ടെന്നത് ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റിയും ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും ഉറപ്പ് വരുത്തേണ്ടതാണ്.

പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കി പദ്ധതി നിർവ്വഹണത്തിനായി സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾക്ക് മുൻഗണന നൽകേണ്ടതാണ്.

നികുതികൾ നിർണ്ണയിക്കുന്നതും പിരിച്ചെടുക്കുന്നതും ശ്രദ്ധയോടെ ചെയ്യേണ്ടതാണ്.

ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകുന്ന തുകകളുടെ വിനിയോഗ രേഖകൾ ലഭ്യമാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.

വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് സുതാര്യമാക്കേണ്ടതാണ്. അർഹതപ്പെട്ട സബ്സിഡി ഗുണഭോക്താക്കൾക്ക് ലഭ്യമാവുന്നുണ്ടെന്നുറപ്പാക്കണം. ഭവന നിർമ്മാണം, ഭവന പുനരുദ്ധാരണം, പഠനമുറി നിർമ്മാണം എന്നീ പ്രൊജക്ടുകളിൽ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്നുറപ്പാക്കണം.

വാങ്ങലുകൾ പ്രൊക്യൂർമെന്റ് മാർഗരേഖ അനുസരിച്ച് തന്നെയാക്കണം. മരുന്നുകളും കമ്പ്യൂട്ടറുകളും വാങ്ങിക്കുന്നതിനായി മുൻകൂർ തുക നൽകുമ്പോൾ കരാർ വെക്കേണ്ടതും കരാറിലെ സമയ പരിധിക്കുള്ളിൽ സാധനങ്ങൾ ലഭ്യമാവുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

ക്ഷേമപെൻഷനുകൾ വാങ്ങുന്ന ഗുണഭോക്താക്കളുടെ അർഹത ഉറപ്പാക്കേണ്ടതും അർഹത നഷ്ടമാവുന്ന സംഗതികളിൽ ഉടൻ തന്നെ അവരെ പട്ടികയിൽ നിന്നും ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്തിന്റെ ആസ്തികൾ കൈകാര്യം ചെയ്യുന്നതിൽ സൂക്ഷ്മത പുലർത്തേണ്ടതാണ്. ഹരിത കർമ്മ സേനയ്ക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിലും മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിലും കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്.

പൊതുമരാമത്ത് പ്രവൃത്തികളുടെ പ്രവർത്തനങ്ങൾ കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം ആണെന്നുറപ്പുവരുത്തേണ്ടതും സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതുമാണ്.

മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പുപദ്ധതിയുടെ നിർവ്വഹണവും രേഖകളുടെ സൂക്ഷിപ്പും കാര്യക്ഷമമാക്കേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

അവസാനമായി നടന്ന പെർഫോമൻസ് ഓഡിറ്റ് റിപ്പോർട്ടിലെ 69 പരാമർശങ്ങൾ പരിഹരിക്കാതെ കിടക്കുന്നുണ്ട്. 12 വർഷം മുന്പ് നടന്ന അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിലെ ഒരു ഖണ്ഡിക ഇപ്പോഴും പരിഹരിക്കാതെയുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് നടത്തിയതിന്റെ വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 26.07.2021 | 4/2921 To 06.21 | 24.08.21 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1.4.11 To 12.4.11 | 2006-07 To 2009-10 | 12.5.11 |

1-11 തൊഴിൽ നികുതി കളക്ഷനിൽ കുറവ് വന്നിട്ടും കുടിശ്ശിക കാണിക്കുന്നില്ല.

തൊഴിൽ നികുതി ഇനത്തിൽ ഡിമാന്റ്, വരവ് എന്നിവ തമ്മിൽ വ്യത്യാസം ഉണ്ടായിട്ടും ടി വ്യത്യാസം കുടിശ്ശികയായി കാണിച്ചിട്ടില്ല.വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| 21-22 ഡിമാന്റ് | 21-22വരവ് (എ.എഫ്.എസ് പ്രകാരം/രജിസ്റ്റർപ്രകാരം) | വ്യത്യാസം |
|---|---|---|
| 22,12,838 | 21,88,888 | 23950/- |

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് (4/7.2.2023)മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പരാമർശിച്ച വ്യത്യാസമായ 23950/-രൂപ കുടിശ്ശികയിൽ ചേർക്കാത്തതിന് വിശദീകരണം തരേണ്ടതാണ്.

1-12 തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

താഴെ പറയുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് 2021-22 ൽ പുതുക്കിനൽകിയിട്ടുണ്ടെങ്കിലും ടി സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.അപേക്ഷയിൽ ജീവനക്കാരുടെ എണ്ണം വ്യക്തമാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് നം | സ്ഥാപനം/ ഉടമ | കെട്ടിട നം | അടവാക്കിയ തുക | രസീതി നം. | തൊഴിൽ നികുതി |
|---|---|---|---|---|---|---|
| 1 | 155 | റെഡിമെയ്ഡ് തുണിത്തരങ്ങൾ രാമപ്രസാദ് ,കൊടുവായൂർ | 4/372 | 500 | 12102105382./ 24.2.2022 | --- |
| 2 | 212 | പലചരക്ക് കട കൃഷ്ണൻകുട്ടി.സി,നാലുപുരയ്ക്കൽ വീട്, | 7/98 | 500 | 12102105428/ Dt.25.2.22 | |

| | | | | | | |
|---|---|---|---|---|---|---|
| 3 | 97 | സോ മിൽ,വേലായുധൻ | 13/439 | 500 | 1759. Dt.24.2.22 | |

ഇതു സംബന്ധിച്ച എൻക്വയറിയ്ക്ക് മറുപടി (23/13.2.2023) ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി പിരിച്ചെടുക്കുന്നാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി-തെറ്റായ നിർണ്ണയം

ഗ്രാമ പഞ്ചായത്ത് വാണിജ്യാവശ്യമുള്ള കെട്ടിടങ്ങൾക്കുള്ള നികുതി നിശ്ചയിച്ചിരിക്കുന്നത് താഴെ പറയുന്ന പറയുന്ന പ്രകാരമാണ്.

200m$^2$ന് മുകളിൽ വിസ്തീർണ്ണമുള്ള, വാണിജ്യാവശ്യമുള്ള കെട്ടിടങ്ങൾക്കുള്ള നികുതി= 80/- രൂപ.

100m$^2$ മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യമുള്ള കെട്ടിടങ്ങൾക്കുള്ള നികുതി= 60/- രൂപ.

100m$^2$ താഴെ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യമുള്ള കെട്ടിടങ്ങൾക്കുള്ള നികുതി 40/- രൂപ.

എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിലെ ന്യൂ ബിൽഡിംങ് രജിസ്റ്റർ പരിശോധിച്ചപ്പോൾ നികുതി നിർണ്ണയത്തിൽ നികുതികുറവ് രേഖപ്പെടുത്തിയിരിക്കുന്നതു മൂലം വരവ് നഷ്ടം സംഭവിച്ചിരിക്കുന്നതായി കണ്ടെത്തി . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനം. | വാർഡ്/ കെട്ടിട നം. | കെട്ടിട ഉടമ | വിസ്തീർണ്ണം | സഞ്ചയ പ്രകാരം | | ഈടാക്കേണ്ട നികുതി | കുറവ് |
|---|---|---|---|---|---|---|---|
| | | | | ഉപയോഗ ക്രമം | ഈടാക്കിയ നികുതി | | |
| 1 | 2/705 | കുട്ടപ്പൻ,കണ്ണൻ, മന്നാടിയാർ (വീട്),കണ്ണാടി | 543.76m$^2$ | വാണിജ്യം 100m$^2$ മുകളിൽ | 543.76x60= 32625.6 വർദ്ധനവ്=15% LC=1876 ആകെ =39396 | വാണിജ്യം200 M$^2$ മുകളിൽ 543.76x80= 43500.8 വർദ്ധനവ്=15% LC=2500 ആകെ=52527 | 13131 |
| 2 | 5/702 | കെ.പി നാരായണൻ, | 270m$^2$ | ,, | 270x60=16200 വർദ്ധനവ്=10% LC=891 ആകെ=18711 | വാണിജ്യം200 M$^2$ മുകളിൽ 270x80=21600 വർദ്ധനവ്=10% LC=1188 ആകെ=24948 | 6237 |
| 3 | 10/787 | ജി.മോഹനൻ,ധന്യ കിണശ്ശേരി | 1355.48m$^2$ | ,, | 1355.4x60= 81328.8 വർദ്ധനവ് =(10%) LC=4472, ആകെ =93936 | വാണിജ്യം200 M$^2$ മുകളിൽ 1355.4x80 =108432 വർദ്ധനവ്=(10%), LC=5963, ആകെ=125238 | 31302 |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | 12/553 | മുരുകൻകുട്ടി, ചെരുവാരത്ത് ( വീട്) | 217.13m$^2$ | " | 217.13x60 =13027.8 വർദ്ധനവ് (10%) 14331, LC=717 ആകെ=15048 | വാണിജ്യം200 M$^2$ മുകളിൽ 217.13x80=17370.4 വർദ്ധനവ്=(10%), LC=955 ആകെ=20062 | 5014 |
| 5 | 3/523 | ൦ംല | 267 | ;; | 267x40=10680 വർദ്ധനവ്=855 LC=577 ആകെ =12112 | വാണിജ്യം200 M$^2$ മുകളിൽ 267x80=21360 വർദ്ധനവ്=(20%) ആകെ=23282 വ്യാവസായിക പരിമിതി 5% =20954 | 8842 |

മേൽ പട്ടികയിൽ ഉൾപ്പെട്ട കെട്ടിടങ്ങളുടെ നികുതി കുറവായി കണക്കാക്കിയത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണങ്ങൾക്ക്(9/8.2.2023,24/13.2.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നിയമപ്രകാരമുള്ള നികുതി ഈടാക്കി ഓഡിററിനെ അറിയിക്കേണ്ടതാണ്.

## 1-14 തെരുവുവിളക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും ലൈൻ വലിക്കലും- ചെലവു തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

പ്രോജക്ട് നം 114/22

(തെരുവുവിളക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും ലൈൻ വലിക്കലും )

അടങ്കൽ- 300000 (സി.എഫ്.സി ഗ്രാന്റ്-അടിസ്ഥാനവിഹിതം)

ചെലവ് - 283889

നിർവ്വഹണോദ്യോഗസ്ഥൻ- സെക്രട്ടറി

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ തെരുവുവിളക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും ലൈൻ വലിക്കലും പ്രവൃത്തികൾക്കായി കുഴൽമന്ദം, ബിഗ്ബസാർ, കൊട്ടുവായൂർ, പുതുനഗരം എന്നീ കെ.എസ്.ഇ.ബി ഡിവിഷനുകളിലേക്ക് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്. അതത് ഡിവിഷനുകൾ ലഭ്യമാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയിട്ടുള്ളത്.

| ഏജൻസി | നൽകിയ തുക | ബിൽ നം / തീയതി |
|---|---|---|
| കുഴൽമന്ദം കെ.എസ്.ഇ.ബി സബ് സെക്ഷൻ | 9521 | XVFC/21-22 /P/2/30.10.21 |
| | 83497 | XVFC/21-22 /P/9/22.12.21 |
| | 24384 | XVFC/21-22 /P/26/24.03.22 |
| | 60623 | XVFC/21-22 /P/30/30.03.22 |
| ബിഗ്ബസാർ കെ. എസ്.ഇ.ബി സബ് സെക്ഷൻ | 19960 | XVFC/21-22 /P/2/30.10.21 |
| കൊട്ടുവായൂർ കെ. എസ്.ഇ.ബി | 23600 | XVFC/21-22 /P/12/19.02.22 |

| | | |
|---|---|---|
| സബ് സെക്ഷൻ | | |
| പുതുനഗരം കെ. എസ്.ഇ.ബി സബ് സെക്ഷൻ | 62304 | XVFC/21-22 /P/20/10.03.22 |
| ആകെ | 283889 | |

കെ. എസ്. ഇ.ബി യുമായി കരാറിൽ ഏർപ്പെടാതെയാണ് തുകകൾ മുൻകൂർ നൽകിയിട്ടുള്ളത്. സ.ഉ(കൈ)നം.11/2018/തസ്വഭവ തിയതി 29-1-2011 ഖ. 11.2.3(ഡി).iii പ്രകാരം തദ്ദേശ സ്ഥാപനം ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ മുൻകൂർ അനുവദിക്കാവൂ എന്ന് നിർദ്ദേശമുള്ളതാണെങ്കിലും ആയത് പാലിച്ചിട്ടില്ല.

ഓഡിറ്റ് അന്വേഷണം നം 5/ 7-2-23 പ്രകാരം ഈ വിവരം സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുള്ളതാണ്. ബിഗ്ബസാർ ഡിവിഷനിൽ ഡെപ്പോസിറ്റ് ചെയ്ത 19960 രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടുള്ള വിവരം സെക്രട്ടറി അറിയിച്ചു. കുഴൽമന്ദം, കൊടുവായൂർ, പുതുനഗരം സെക്ഷനുകളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമല്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1.വിവിധ നിർവ്വഹണ ഏജൻസികൾക്ക് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക നൽകുമ്പോൾ ഏജൻസികളുമായി കരാർ വക്കേണ്ടതും പ്രവൃത്തികളുടെ സമയബന്ധിതമായുള്ള പൂർത്തീകരണം ഉറപ്പു വരുത്തേണ്ടതുമാണ്.

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം പരിശോധിച്ച് തുടർ വിവരങ്ങൾ രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 വയോജനങ്ങൾക്ക് കട്ടിൽ പദ്ധതി- വാങ്ങൽ നടപടികളിലെയും ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെയും അപാകങ്ങൾ -13050 രൂപ തടസ്സം

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 15/22<br>വയോജനങ്ങൾക്ക് കട്ടിൽ (എസ്. സി) |
| അടങ്കൽ | 652500 വികസനഫണ്ട് -എസ്. സി.പി |
| ചെലവ് | 613350(വികസനഫണ്ട് -എസ്. സി.പി)<br>1.ബിൽനം.3/09.11.21-304500<br>2.ബിൽ നം 8/23.11.21- 87000<br>3.ബിൽ നം 20/30.03.22-221850<br>ആകെ -613350 |
| ഓഡിറ്റ് അന്വേഷണം നം./ തീയതി | 18/10.02.2023 |

ആർട്ട്കോയിൽ നിന്നുമാണ് കട്ടിലുകൾ വാങ്ങിയിട്ടുള്ളത്. കട്ടിൽ ഒന്നിന് ജി.എസ്.ടി ഉൾപ്പെടെ 4350 രൂപ നിരക്കിൽ 141 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. ടെണ്ടർ കൂടാതെ നേരിട്ടാണ് ആർട്ട്കോയിൽ നിന്നും വാങ്ങൽ നടത്തിയിട്ടുള്ളത്. പദ്ധതി നടത്തിപ്പിലും ഗുണഭോക്തൃതെരഞ്ഞെടുപ്പിലും ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ഓഡിറ്റ് അന്വേഷണത്തിലൂടെ നിർവ്വഹണോദ്യോഗസ്ഥന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുള്ളതും മറുപടി ലഭ്യമാക്കിയതുമാണ് .

വിശദവിരങ്ങൾ താഴെ ചേർക്കുന്നു.

ഓഡിറ്റിൽ കണ്ടെത്തിയ വിവരങ്ങൾ

1) ആർട്ട്കോയിൽ നിന്നുള്ള വാങ്ങൽ

ജി.ഒ(സാധാ)നം.1/2021/എസ്.പി.ഡി തിയതി.05/01/2021 ഉത്തരവിലെ ഖണ്ഡിക 4 പ്രകാരം ആർട്ട്കോയിൽ നിന്നും സാധനങ്ങൾ വാങ്ങുമ്പോൾ, പ്രസ്തുത സാധനങ്ങൾ ആർട്ട്കോയിൽ നിർമ്മിക്കുന്നതാണെന്നും പുറമെ നിന്ന് വാങ്ങിയിട്ടില്ലാത്തതുമാണ് എന്ന് മാനേജിംഗ് ഡയറക്ടർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആർട്ട്കോവിന് നേരിട്ട് സാധനങ്ങൾ വിതരണം ചെയ്യുന്നതിനായുള്ള സ.ഉ(സാധാ)നം.04/2018/എസ്.പി.ഡി, തിയതി.02.02.2018 പ്രകാരമുള്ള പ്രൈസ് ലിസ്റ്റിൽ ഉൾപ്പെടാത്ത ഇനം കട്ടിലുകളാണ് ആർട്ട്കോയിൽ നിന്നും നേരിട്ട് വാങ്ങിയിട്ടുള്ളത്. ആയത് ക്രമപ്രകാരമല്ല.

2) GeM പോർട്ടലിൽ നിലവിലുണ്ടോ എന്ന വിവരം പരിശോധിച്ചിട്ടില്ല

25000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങൾ GeM പോർട്ടലിൽ നിലവിലുണ്ടോ എന്ന് പരിശോധിച്ച് GeM പോർട്ടലിൽ ഇല്ലാത്ത സാധനങ്ങൾ മറ്റ് രീതിയിൽ വാങ്ങാവുന്നതാണ്. എന്നാൽ GeM ൽ ഉണ്ടോ എന്ന് പരിശോധിച്ചതായി കാണുന്നില്ല.

3) ഇ-ടെണ്ടർ നടത്തിയിട്ടില്ല

സ.ഉ(പി)നം.259/2010/LSGD തിയതി 8-11-2010 പ്രകാരം നേരിട്ട് റേറ്റ് കോൺട്രാക്ട് അടിസ്ഥാനത്തിൽ സാധനങ്ങൾ വാങ്ങുന്നതിനുള്ള പരിധി 5 ലക്ഷം രൂപയായി പരിമിതപ്പെടുത്തിയിട്ടുണ്ടെങ്കിലും മേൽ വാങ്ങലുകളിൽ പരിധി പാലിച്ചിട്ടില്ല. 5 ലക്ഷത്തിനു മുകളിലുള്ള വാങ്ങലുകൾക്ക് ഇ-ടെണ്ടർ നടത്തേണ്ടതാണെന്നതും പരിഗണിച്ചിട്ടില്ല.

4) കട്ടിലുകൾ വിതരണം ചെയ്യാതെ അവശേഷിക്കുന്നു.

ഭരണസമിതിയുടെ 17.09.2021 ലെ 1(1) നം തീരുമാനം പ്രകാരം ഗ്രാമപഞ്ചായത്തിലെ 139 പേരുടെ ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ 141 കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം ആകെ 26 ഗുണഭോക്താക്കൾ വിവിധ കാരണങ്ങളാൽ അനർഹരാണെന്ന് കണ്ടെത്തിയതിനാൽ ഇവർക്ക് കട്ടിൽ നൽകിയിട്ടില്ല. 115 കട്ടിലുകൾ വിതരണം ചെയ്തു. തുടർന്ന് 11.03.22 2(5) പ്രകാരം ൽ 37 പേരുടെ അഡിഷണൽ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയും 23 കട്ടിലുകൾ കൂടി വിതരണം ചെയ്യുകയും ചെയ്തു. ആകെ 141 കട്ടിലുകൾ വാങ്ങിയതിൽ 138 എണ്ണം വിതരണം ചെയ്തു. 3 കട്ടിലുകൾ വിതരണം ചെയ്യാൻ അവശേഷിക്കുന്നുണ്ട്.

5) സ.ഉ.(സാധാ) നം.1169/2021/ത.സ്വ.ഭ.വ തീയതി 18/06/2021 ലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ 21-22 വർഷത്തിലെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിനായി മേൽ ഉത്തരവ് പ്രത്യേക നടപടിക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സേവന മേഖലയിലെ പ്രോജക്ടുകളുടെ കാര്യത്തിൽ പുതുതായി അപേക്ഷകൾ സ്വീകരിച്ച് ഗുണഭോക്തൃ പട്ടിക തയ്യാറാക്കേണ്ടതാണെന്നും കരട് മുൻഗണനാ പട്ടിക തയ്യാറാക്കുന്നതിനുള്ള ഉത്തരവാദിത്തം നിർവ്വഹണോദ്യോഗസ്ഥനും പ്രസിഡന്റ് നിശ്ചയിക്കുന്ന മറ്റൊരു ഉദ്യോഗസ്ഥനും അടങ്ങിയ രണ്ടംഗ കമ്മിറ്റിക്ക് ആയിരിക്കുമെന്നും ഈ കമ്മിറ്റി തയ്യാറാക്കുന്ന മുൻഗണനാ പട്ടികകൾ സ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്ന് ശുപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി പട്ടികകൾ അന്തിമമാക്കേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. പിന്നീട് ആദ്യം ചേരുന്ന ഗ്രാമസഭയിൽ ലിസ്റ്റ് ചർച്ച ചെയ്യേണ്ടതുമാണ്. ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ തന്നെ 26 ഗുണഭോക്താക്കൾ എസ്. സി അല്ലാത്തതിനാൽ, രേഖകളുടെ അഭാവത്താൽ, 60 വയസ്സ് തികഞ്ഞിട്ടില്ല തുടങ്ങിയ കാരണങ്ങളാൽ അയോഗ്യരായിട്ടുണ്ട്. ഇത്തരത്തിൽ സർക്കാർ നിർദ്ദേശ പ്രകാരം ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപ്പിലാക്കാത്തതിനാൽ പദ്ധതി പൂർത്തീകരിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ട്.

നിർവ്വഹണോദ്യോഗസ്ഥന്റെ മറുപടി

കട്ടിലുകൾ ആർട്ട്കോയിൽ നിന്നും വാങ്ങി നൽകുന്നതിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമായിട്ടുള്ളതായും GEM പോർട്ടലിൽ വാങ്ങൽ സമയത്ത് കട്ടിൽ സ്റ്റോക്ക് ഇല്ലാത്തതിനാലാണ് GEM ൽ നിന്നും വാങ്ങാത്തതെന്നും സാമ്പത്തിക വർഷം അവസാനിക്കുന്നതിനു

മുമ്പ് പദ്ധതി നടപ്പിലാക്കുന്നതിനാണ് വാങ്ങൽ നടപടികൾ വേഗത്തിൽ പൂർത്തിയാക്കിയതെന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചു. തുടർന്നുള്ള പദ്ധതി നിർവ്വഹണത്തിൽ വാങ്ങൽ നടപടികളിൽ ശ്രദ്ധിക്കുന്നതാണെന്നും വാങ്ങിയ കട്ടിലുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റി പരിശോധിച്ച് ഗുണനിലവാരം ഉറപ്പു വരുത്തിയിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്.

എന്നാൽ 17.09.21, 10.01.22 തീയതികളിലെ ഭരണസമിതി തീരുമാനങ്ങൾ പ്രകാരം അംഗീകരിച്ച ആകെ 176 ഗുണഭോക്താക്കളിൽ അനർഹരെ ഒഴിവാക്കി 141 പേർക്ക് കട്ടിൽ വിതരണം ചെയ്യുന്നതിനാണ് 141 എണ്ണം വാങ്ങിയിട്ടുള്ളതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല.

ഗുണഭോക്താക്കൾക്ക് ബാക്കിയുള്ള 3 കട്ടിലുകൾ നേരിൽ വന്ന് കൈപ്പറ്റുന്നതിന് പലതവണ അറിയിപ്പ് നൽകിയെങ്കിലും വാങ്ങാൻ വന്നിട്ടില്ലെന്നും ഇവ 2022-23 വർഷത്തെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് ഭരണസമിതിക്ക് ശുപാർശ നൽകിയിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചു.

ഓഡിറ്റ് നിഗമനം

അംഗീകൃതഗുണഭോക്തൃലിസ്റ്റിൽ അനർഹർ ഉൾപ്പെടുന്നത് ക്രമപ്രകാരമല്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. 17.09.21 ലാണ് ആദ്യലിസ്റ്റ് ഭരണസമിതി അംഗീകരിക്കുന്നത്. തുടർന്ന് 10/21 ൽ തന്നെ വാങ്ങൽ നടപടികൾ ആരംഭിക്കുകയും അംഗീകൃത ഗുണഭോക്തൃലിസ്റ്റിലെ ഗുണഭോക്താക്കളുടെ എണ്ണത്തിലും കൂടുതൽ കട്ടിലുകൾക്ക് (141 എണ്ണം) സപ്ലൈഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. പിന്നീട് 11.03.22 ലെ 2(5) തീരുമാനം പ്രകാരമാണ് 37 പേരുടെ അഡീഷണൽ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. കോവിഡ് പശ്ചാത്തലത്തിൽ ഗുണഭോക്തൃതെരഞ്ഞെടുപ്പിലെ സുതാര്യത ഉറപ്പാക്കുന്നതിനാണ് സർക്കാർ പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതെങ്കിലും ആയത് കൃത്യമായി പാലിക്കാതെ ഗുണഭോക്തൃതെരഞ്ഞെടുപ്പ് നടത്തിയതും ശരിയായ നടപടിയല്ല.

മേൽ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന 3 കട്ടിലുകളുടെ വില ആകെ 13050 രൂപ (4350x3) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ശുപാർശകൾ

1.ഗുണഭോക്തൃതെരഞ്ഞെടുപ്പിലും വാങ്ങൽ നടപടികളിലും സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതും അധിക ചെലവ് ഒഴിവാക്കുന്ന രീതിയിൽ പദ്ധതികൾ നിർവ്വഹിക്കേണ്ടതുമാണ്.

2. വിതരണം ചെയ്യാതെ അവശേഷിക്കുന്ന കട്ടിലുകൾ അർഹരായവർക്ക് വിതരണം ചെയ്ത് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രോജക്ട് നമ്പർ/ പേര് | 99/22,<br>എസ് .സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മാണം |
| അടങ്കൽ | -3000000<br>വികസനഫണ്ട് -എസ്. സി.പി |
| ചെലവ് | 1995000<br>(വികസനഫണ്ട് -എസ്. സി.പി)<br>1. 200000-5/9.11.21<br>2.300000-9/10.12.21<br>3.375000-10/09.01.22<br>4.150000-12/29.01.22 |

| | |
|---|---|
| | 5.200000-15/21.02.22<br>6.200000-14/18.02.22<br>7.570000-23/31.03.22 |
| ഓഡിറ്റ് അന്വേഷണം നം./ തീയതി | 19/10.02.2023 |

പഠനമുറി നിർമ്മാണത്തിനായി 200000 രൂപ വീതം ധനസഹായം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. പഠനമുറി നിർമ്മാണത്തിനായി 15 ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇവരിൽ നാളിതു വരെ 13 വിദ്യാർത്ഥികളുടെ പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്ത 2 ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | അവസാനം തുക കൈപ്പറ്റിയ തീയതി | ആകെ കൈപ്പറ്റിയ തുക |
|---|---|---|
| ശ്രീനാഥ്, S/o സുരേഷ് | 18.02.22 | 125000 |
| ആതിര D/o സുരേഷ് | 30.03.22 | 125000 |

മേൽ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ആതിര D/o സുരേഷ് ന്റെ പഠനമുറി നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുകയാണെന്നും എത്രയും വേഗം പണി പൂർത്തീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ശ്രീനാഥ്, S/o സുരേഷ് എന്ന ഗുണഭോക്താവ് രണ്ട് ഗഡുക്കളായി 125000 കൈപ്പറ്റിയെങ്കിലും പണി പൂർത്തീകരിച്ചിട്ടില്ല എന്നും പലതവണ നേരിട്ടും കത്ത് മുഖേനയും നിർദ്ദേശം നൽകിയിട്ടുള്ളതായും പണി പൂർത്തീകരിക്കുന്ന മുറക്ക് ബാക്കി തുക നൽകുന്നതും അല്ലാത്ത പക്ഷം റിക്കവറി നടപടികളിലൂടെ നൽകിയ ധനസഹായം തിരികെ ഈടാക്കുന്നതാണെന്നും നിർവ്വഹണോദ്യോഗസ്ഥൻ മറുപടിയിൽ അറിയിച്ചു.

ഓഡിറ്റ് നിർദ്ദേശം

പഠനമുറി നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ നിർമ്മാണപുരോഗതി മോണിറ്റർ ചെയ്യേണ്ടതും തുടർ വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

1-17 ഭവനപുനരുദ്ധാരണ പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പു വരുത്തേണ്ടതാണ്

പ്രോജക്ട് നം 92/22 (ആശ്രയ പദ്ധതി )

നിർവ്വഹണോദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ- 200000 (വികസനഫണ്ട് -എസ്. സി.പി)

ചെലവ് -200000 (ബിൽ നം 4/09.11.2021)

ഓഡിറ്റ് അന്വേഷണം നം- 20/10.02.23

കുടുംബശ്രീ അഗതി രഹിത കേരളം അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തു നൽകുകയും കുടുംബശ്രീ വഴി പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് നൽകി ഭവന പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുമാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ശ്രീമതി ദൈവാനി , ശ്രീ. രാമൻ, കാളത്തൊടിക എന്നീ

ഗുണഭോക്താക്കൾക്ക് 100000 രൂപ വീതം നൽകുന്നതിനാണ് ലക്ഷ്യമിട്ടത്. ഇവരിൽ ശ്രീ. രാമൻ കാളത്തൊടിക എന്ന ഗുണഭോക്താവ് 100000 രൂപ കൈപ്പറ്റി ഭവനപുനരുദ്ധാരണപ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ശ്രീമതി ദൈവാനി എന്നവർ 40000 രൂപ ആദ്യഗഡു കൈപ്പറ്റിയെങ്കിലും പുനരുദ്ധാരണപ്രവൃത്തികൾ പൂർത്തീകരിച്ച് മുഴുവൻ ഗഡുവും കൈപ്പറ്റിയിട്ടില്ല.

ഓഡിറ്റ് അന്വേഷണം മുഖാന്തരം അന്വേഷണം നടത്തിയതിന് മറുപടിയായി ശ്രീമതി ദൈവാനി എന്ന ഗുണഭോക്താവും അവരുടെ കുടുംബാംഗങ്ങളും മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളാണെന്നും സാധനസാമഗ്രികൾ വാങ്ങി പ്രവൃത്തി ചെയ്തു കൊണ്ടിരിക്കെ പ്രവൃത്തിയിൽ നിന്നും വിട്ടു പോകുകയും പണി പൂർത്തീകരിച്ചിട്ടില്ലെന്നും അറിയിച്ചു.

പദ്ധതി പ്രകാരം ഭവന പുനരുദ്ധാരണത്തിനുള്ള ഫണ്ട് അഗതിരഹിതകേരളം ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും കുടുംബശ്രീ വഴി ഗുണഭോക്താക്കൾക്ക് നൽകുകയുമാണ് ചെയ്തിട്ടുള്ളത്. ഗുണഭോക്താക്കൾ തന്നെ ഫണ്ട് ഉപയോഗിച്ച് പ്രവൃത്തിയുടെ ഘട്ടങ്ങൾ പൂർത്തിയാക്കിയതിനു ശേഷം മൂല്യനിർണ്ണയം നടത്തി തുക നൽകുന്ന രീതിയിലാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. എന്നാൽ മേൽ പറഞ്ഞ ഗുണഭോക്താവിന് സ്വന്തമായി ഭവനപുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ അയൽക്കൂട്ടങ്ങളുടെയോ എ.ഡി.എസിന്റെയോ സന്നദ്ധ സംഘടനകളുടെയോ സഹായത്താൽ പണി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

നിർമ്മാണപുരോഗതി മോണിറ്റർ ചെയ്യേണ്ടതും തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-18 ഹോമിയോ ഡിസ്പെൻസറിക്കു മരുന്നു വാങ്ങൽ - മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ ( ഹോമിയോ) |
| പ്രോജക്ട് നമ്പർ , പേര് | 25/ ഹോമിയോ ഡിസ്പെൻസറി യിലേക്കുള്ള മരുന്നു വാങ്ങൽ |
| അടങ്കൽ | 300000 ( മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം ) |
| ചെലവ് | 300000 |
| ബിൽ നമ്പർ തീയതി | 05/28.09.21- 300000 |
| ഓഡിറ്റ് എൻക്വയറി നമ്പർ തീയതി | 3/ 07.02.23 |

മേൽ പദ്ധതിയുമായി ബന്ധപ്പെട്ട് 300000 രൂപ പിൻവലിച്ച് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ മാനേജിങ്ങ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് ( A/c No – 34306403911 ) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.

ഇതിൽ 223549 രൂപയുടെ മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ട്. ( ഇൻവോയ്സ് നമ്പർ - – L.F – 467/ 31.08.22 – 121386 + ഇൻവോയ്സ് നമ്പർ - LF – 2658 / 11.03.22 - 102163 ). ബാക്കി 76451 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടുള്ളതായി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയില്ല. കൂടാതെ ഇൻവോയ്സ് നമ്പർ L.F – 467/ 31.08.22 പ്രകാരം ലഭ്യമായ മരുന്നുകളിൽ ക്രമനമ്പർ 99 പ്രകാരം ലഭ്യമായ രൂപ 9583 വിലയുള്ള 10 Mlഗ്ളാസ്സ് ബോട്ടിലുകൾ 3456 എണ്ണം Damaged ആയതിനാൽ

മാറ്റിത്തരുന്നതിനായി 47/22GHDKA/18.08.22 നമ്പർ കത്ത് പ്രകാരം ഹോംകോയോട് ആവശ്യപ്പെട്ടിട്ടുള്ളതായും ഫയൽ പരിശോധനയിൽ കണ്ടെത്തി. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മരുന്നുകൾ ലഭിക്കുന്നതിനും ഗ്ലാസ്സ് ബോട്ടിലുകൾ മാറ്റിത്തരുന്നതിനും ഹോംകോയിലേക്ക് നിരന്തരം ഫോൺ മുഖാന്തിരവും ഇ മെയിൽ വഴിയും അറിയിച്ചിട്ടുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടിവിവരം അറിയിക്കേണ്ടതാണ്.

1-19 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പദ്ധതി - മുഴുവൻ മാസങ്ങളിലും ആനുകൂല്യം അനുവദിച്ചില്ല

പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിനായി ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണഉദ്യോഗസ്ഥയായി 2021-22 വർഷത്തിൽ കണ്ണാടി ഗ്രാമപഞ്ചായത്ത് ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പേരിൽ 2പ്രോജക്ടുകൾ ആവിഷ്കരിച്ച നടപ്പാക്കിയിട്ടുണ്ട്. പഞ്ചായത്തിലുള്ള തരുവകുറുശ്ശി, ഉപ്പുംപാടം, കാഴ്ചപറമ്പ്, കടകുറുശ്ശി, കണ്ണാടി എന്നീ ക്ഷീരസംഘങ്ങളിൽ 2021 ഏപ്രിൽ മുതൽ പാലളക്കുന്ന എല്ലാ ക്ഷീരകർഷകർക്കും ലിറ്റർ ഒന്നിന് പരാമാവധി 3 രൂപ നിരക്കിൽ സബ്സിഡി നല്കുന്നതിനാണ് ഈ പ്രോജക്ടുകൾ വിഭാവനം ചെയ്തിട്ടുള്ളത്. ക്ഷീരകർഷകർക്ക് പ്രസ്തുത കാലയളവിലെ എല്ലാ മാസങ്ങളിലും ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ പദ്ധതി നിർവ്വഹണത്തിൽ ക്ഷീര സംഘങ്ങളുടെ കീഴിലുള്ളവർക്ക് സാമ്പത്തികവർഷം പല മാസങ്ങളിലും ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| പ്രൊജക്ടിന്റെ നമ്പരും പേരും | അടങ്കൽ/ ഫണ്ടിനം | ചെലവ് | ബിൽ നമ്പർ | സബ്സിഡി നൽകിയ കാലയളവ് |
|---|---|---|---|---|
| 38/ 22: ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 250000 ( വികസനഫണ്ട് - ജനറൽ ) | 250000 ( വികസനഫണ്ട് - ജനറൽ) | 01/16.03.22-100000<br>03/16.03.22-150000 | 2021ജൂൺ 01 മുതൽ 19 വരെ<br>ജൂലായ് 01 മുതൽ 20 വരെ<br>( വികസനഫണ്ട് ജൂണിൽ ആകെ 19 ദിവസങ്ങളിലും ജില്ല പഞ്ചായത്ത് ഷെയർ ജൂണിൽ 11 ദിവസങ്ങളിലും ജൂലായിൽ 20 ദിവസങ്ങളിലും നൽകിയിട്ടുണ്ട്.) |
| 41/22: ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി - എസ്സ്.സി | 100000 ( വികസനഫണ്ട് - എസ്സ് സി.പി ) | 100000 വികസനഫണ്ട് - എസ്സ് സി.പി ) | 02/16.03.22 - 100000 | ആഗസ്റ്റ് , സെപ്റ്റംബർ ഒക്ടോബർ മാസങ്ങളിലും നവംബർ മാസത്തിൽ 14 ദിവസങ്ങളിലും |

ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും അളക്കുന്ന പാലിന്റെ ശരാശരിയും കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്റ്റ് ആസൂത്രണം ചെയ്യാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( നം - 8 / 08.02.23 ) തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ തുക വകയിരുത്തി പരമാവധി കാലയളവിൽ മിൽക്ക് ഇൻസെന്റീവ് തുക കർഷകർക്ക് നൽകുന്നതാണ് എന്ന് നിർവ്വഹണഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം

ഭാവിയിൽ ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും അളക്കുന്ന പാലിന്റെ ശരാശരിയും കണക്കിലെടുത്ത് മുഴുവൻ കാലയളവിലും ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്റ്റ് ആസൂത്രണം ചെയ്യുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥ ശ്രദ്ധിക്കേണ്ടതാണ്.

1-20 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കണം

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രോജക്റ്റ് നമ്പർ, പേര് | 73/2022<br>പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി ( എസ്സ്. സി ) |
| അടങ്കൽ | 275000<br>ഫണ്ടിനം -വികസനഫണ്ട്- എസ്സ്.സി.പി - 68750+ സംസ്ഥാനാവിഷ്കൃതം - 68750 + മറ്റുള്ളവ- 137500<br>ആകെ - 275000 |
| ചെലവ് | 68750<br>ഫണ്ടിനം -വികസനഫണ്ട്- എസ്സ്.സി.പി |
| ബിൽ നമ്പർ /തീയതി | 11 / 10.03.22 – 18750<br>08/ 11.11.22 - 50000 |
| ഓഡിറ്റ് എൻക്വയറി നമ്പർ/തീയതി | 16/10.02.23 |

ഗ്രാമപഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി എന്ന പ്രൊജക്റ്റ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് വിഹിതമായ 68750 രൂപ പാലക്കാട് ജില്ലാ അസിസ്റ്റന്റ് ഡയറക്ടർ, Calf Feed Subsidy Programme ന് ( A/c No-714021400000008) കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല . ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പദ്ധതി നടപ്പിലാക്കികൊണ്ടിരിക്കുകയാണെന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതാണെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി വിവരം അറിയിക്കേണ്ടതും പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് നല്കിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.

1-21 സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് - സുഭിക്ഷകേരളം പദ്ധതി പ്രകാരമുള്ള പ്രോജക്റ്റ് നടപ്പിലാക്കിയിട്ടില്ല

തൻവർഷത്തിൽ സുഭിക്ഷകേരളം പദ്ധതിയിൽ ഉൾപ്പെടുത്തി സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

നിർവ്വഹണ ഉദ്യോഗസ്ഥനായി ആവിഷ്ക്കരിച്ച് അംഗീകാരം ലഭ്യമാക്കിയ പ്രോജക്റ്റ് പ്രകാരം തുകയൊന്നും ചെലവഴിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

സ.ഉ(കൈ)നം.14/2020/ആ.സാ.വ തിയതി 18-05-2020 പ്രകാരം കോവിഡിന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യോത്പാദന വർദ്ധനവിനായുള്ള മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ കഴിയുന്നത്ര എത്തിക്കുക എന്നതാണ് സുഭിക്ഷ കേരളം പദ്ധതിയുടെ മുഖ്യ ലക്ഷ്യം. സ.ഉ(സാധാ)നം. 1009/2020/തസ്വഭവ തിയതി 29-05-2020 പ്രകാരം സുഭിക്ഷ കേരളം പദ്ധതി പ്രകാരം കൃഷി, മൃഗസംരക്ഷണം, ഫിഷറീസ് മേഖലയിൽ അനുവദനീയമായ സബ്സിഡിയുടെ വിശദാംശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |
| പ്രോജക്റ്റ് നമ്പർ, പേര് | 45, പട്ടുതാക്കളം സുഭിക്ഷ കേരളം |
| അടങ്കൽ | 118954 ( വികസന ഫണ്ട് ജനറൽ- 28554 + സംസ്ഥാനാവിഷ്കൃതഫണ്ട് - 16400 + മറ്റുള്ളവ – 74000 ) |
| ഓഡിറ്റ് എൻക്വയറി നമ്പർ/തീയതി | 17/10.02.23 |

പദ്ധതി നടപ്പാക്കാതിരുന്നതിന്റെ കാരണം അന്വേഷിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമായില്ല.

ഓഡിറ്റ് നിർദ്ദേശം

അംഗീകാരം ലഭ്യമാകുന്ന പദ്ധതികൾക്ക് പ്രാധാന്യം നൽകി സമയബന്ധിതമായി നടപ്പാക്കുവാനും വകയിരുത്തുന്ന തുക ലാപ്സാതെ വിനിയോഗിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

### 1-22 കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ പ്രകാരം പണി സ്ഥലത്ത് സ്ഥാപിക്കേണ്ട ബോർഡ് സ്ഥാപിക്കാത്തത്:

കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം.17ൽ പഞ്ചായത്ത് നടത്തുന്ന പൊതുമരാമത്ത് പണിയുടെ സംക്ഷിപ്ത വിവരം അടങ്ങിയ ഒരു നോട്ടീസ് അതത് പണിസ്ഥലത്ത് പ്രകടമായി കാണാവുന്ന തരത്തിലും സ്ഥലത്തും പ്രദർശിപ്പിച്ചിരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

29.03.2017ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) നം.72/2017/ത.സ്വ.ഭ.വ ഖണ്ഡിക6.6(5)ൽ നിർമ്മാണ പ്രവൃത്തികളുടെ പൊതുവിവരങ്ങൾ അടങ്ങുന്ന ബോർഡ് പ്രവൃത്തിസ്ഥലത്ത് സ്ഥാപിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയറും കരാറുകാരനും ഒപ്പുവെക്കുന്ന കരാറിന്റെ ഖണ്ഡിക 26ൽ പ്രവൃത്തി സ്ഥലത്ത് വിവരങ്ങൾ കാണിക്കുന്ന ബോർഡ് സ്ഥാപിക്കുന്നതാണെന്ന് കരാറുകാരൻ സമ്മതിക്കുന്നുണ്ട്. എന്നാൽ കണ്ണാടി ഗ്രാമ പഞ്ചായത്ത് 2021-22ൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ നിർവ്വഹണ സ്ഥലത്ത് ചട്ടപ്രകാരമുള്ള എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി ബോർഡ് സ്ഥാപിച്ചിട്ടില്ല. വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ 11-1/09-02-2023) മറുപടിയിൽ ഇനി മേലിൽ പൂർത്തീകരിക്കുന്ന എല്ലാ പ്രവൃത്തികൾക്കും ബോർഡ് സ്ഥാപിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

എല്ലാ പ്രവൃത്തികളുടെയും നിർവ്വഹണസ്ഥലത്ത് കേരള പഞ്ചായത്ത് രാജ് (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ ചട്ടം.17 (3)ൽ സൂചിപ്പിച്ച എല്ലാ വിവരവും ഉൾപ്പെടുത്തി ബോർഡ് സ്ഥാപിക്കേണ്ടതാണ്.

1-23 കടകുറുശ്ശി സ്കൂളിൽ സ്മാർട്ട് ക്ളാസ്സ്റൂം സജ്ജീകരിക്കൽ - കമ്പ്യൂട്ടർ ലഭ്യമായില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ , ഗവൺമെന്റ് എൽ.പി. സ്കൂൾ |
| പ്രൊജക്ട് നമ്പർ, പേര് | 230/22, കടകുറുശ്ശി സ്കൂളിൽ സ്മാർട്ട് ക്ളാസ്സ്റൂം സജ്ജീകരിക്കൽ |
| അടങ്കൽ | 200000 (മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം) |
| ചെലവ് | 198776 |
| ബിൽ നമ്പർ തീയതി | 4 / 25.02.22 – 39797<br>5 / 15.03.22 – 39797<br>6 / 25.03.22 – 97382<br>7 / 26.03.22 - 21800 |
| ഓഡിറ്റ് എൻക്വയറി നമ്പർ തീയതി | 2 / 07.02.23 |

മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം കടകുറുശ്ശി സ്കൂളിൽ സ്മാർട്ട് ക്ളാസ്സ്റൂം സജ്ജീകരിക്കുന്നതിനായി 2 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനായി ബിൽ നമ്പർ 4, 5 എന്നിവ പ്രകാരം 79594 രൂപ കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ അക്കൗണ്ടിലേക്ക് ( നം - 799011400003959 ) ലേയ്ക്ക് കൈമാറിയിട്ടുണ്ട് . ആയതിൽ ഒരു കമ്പ്യൂട്ടർ നാളിതുവരെ ലഭ്യമായിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കമ്പ്യൂട്ടറിന് വർക്ക് ഓർഡർ നൽകുന്നതിനു മുമ്പു തന്നെ വില വർദ്ധിച്ചതിനാൽ ലഭ്യമായില്ല എന്നും ആ കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിനായി 2022-23 വർഷത്തിൽ So 230/23 പ്രോജക്ട് നമ്പർ അനുസരിച്ച് 15157 രൂപ വകയിരുത്തിയിരുന്നു എന്നും Ubuntu Version കമ്പ്യൂട്ടർ വാങ്ങുന്നതിന് കൂടുതലായി വരുന്ന 3000 രൂപ 7/12/22 ൽ കേരള സ്റ്റേറ്റ് ഐ.ടി. മിഷന് ട്രഷറി മുഖാന്തരം അടച്ചിട്ടുണ്ട് എന്നും കമ്പ്യൂട്ടർ ലഭ്യമാകുന്ന മുറക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നതാണ് എന്നും നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-24 കണ്ടിൻജൻസി ചെലവുകളുടെ മുഴുവൻ ചെലവുരേഖകളും ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പ്രൊജക്ട് നമ്പർ, പേര് | 77, വെറ്ററിനറി ആശുപത്രിയിലേക്കുള്ള കണ്ടിൻജൻസി ചെലവുകൾ |

| | |
|---|---|
| അടങ്കൽ | 40000<br>ഫണ്ടിനം - മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ചെലവ് | 33717<br>ഫണ്ടിനം - മെയിന്റനൻസ് ഗ്രാന്റ് റോഡിതരം |
| ബിൽ നമ്പർ തീയതി | 1/15.06.21- 3302<br>2/23.07.21-1359<br>3/27.08.21-2980<br>4/17.09.21-10289<br>6/19.11.21-3152<br>7/24.01.22-3713<br>13/21.03.22- 8922 |
| ഓഡിറ്റ് എൻക്വയറി നമ്പർ തീയതി | 21/10.02.23 |

മേൽ സൂചിപ്പിച്ച ബില്ലുകളിൽ ബിൽ നമ്പർ 2 പ്രകാരമുള്ള തുക പിൻവലിച്ച് കെ.വി. വെങ്കട്ടരാമൻ കൺസൾട്ടൻസി സൊല്യൂഷൻസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ് ന്റെ അക്കൗണ്ടി ലേക്ക് ( നം- 913000216000005 74 ) 490 രൂപയും കെ.എസ്.ഇ.ബി യുടെ അക്കൗണ്ടി ലേക്ക് ( നം - 67034892493 ) 869 രൂപയും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട് . ഇപ്രകാരം ചെലവഴിച്ച 1359 രൂപയുടെ ചെലവുരേഖകൾ പരിശോധനക്കായി ഹാജരാക്കിയില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ബിൽ വൗച്ചറുകൾ ഒറിജിനൽ ബില്ലിനോടൊപ്പം സമർപ്പിച്ചപ്പോൾ കോപ്പി എടുക്കാൻ വിട്ടുപോയി എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട് . രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുതുക 1359 രൂപ തടസ്സപ്പെടുത്തുന്നു.

## 1-25 തൊഴിലുറപ്പ് പദ്ധതി- രേഖകളുടെ സൂക്ഷിപ്പിലെ അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് തൻവർഷം നടപ്പിലാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകളുടെ സൂക്ഷിപ്പിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1.കേന്ദ്ര ഗ്രാമീണ മന്ത്രാലയത്തിന്റെ 17.07.2017 തീയതിയിലെ F.No.J1107/06/2016 നമ്പറിലുള്ള ഉത്തരവ് പ്രകാരം സൂക്ഷിക്കേണ്ട പ്രധാന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

എ. ജിയോ ടാഗ്ഡ് ഫോട്ടോ.

സി. മറ്റ് ഫോട്ടോഗ്രാഫുകൾ

ഡി. പൂർത്തീകരണ സാക്ഷ്യപത്രം

2. ഫയലുകളിൽ സിറ്റിസൺ ബോർഡിന്റെ ഫോട്ടോ സൂക്ഷിച്ചിട്ടില്ല.

3. കരാറുകാരനുമായി എഗ്രിമെന്റ് വച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല.

4. ഫയലുകളിലെ മസ്റ്റർ റോളുകളിൽ ഞായറാഴ്ച മാർക്ക് ചെയ്തിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 15/10.2.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ആനുവൽ മാസ്റ്റർ സർക്കുലർ പ്രകാരം ഫയലിൽ സൂക്ഷിക്കേണ്ട പ്രധാനരേഖകൾ സൂക്ഷിക്കേണ്ടതാണ്. പൂർത്തീകരിച്ച പദ്ധതിയുടെ വിവരങ്ങൾ വ്യക്തമാക്കുന്ന സാക്ഷ്യപത്രങ്ങൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്. പദ്ധതിയുടെ നിർവ്വഹണ രീതികൾ വ്യക്തമാക്കുന്ന 3 ഘട്ടങ്ങളിലുള്ള ഫോട്ടോഗ്രാഫുകൾ സൂക്ഷിക്കേണ്ടതാണ്. കരാറുകാരനുമായുള്ള എഗ്രിമെന്റ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. മസ്റ്റർ റോളിൽ ഞായറാഴ്ച മാർക്ക് ചെയ്ത് തൊഴിലാളികൾക്ക് അവധി നൽകാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-26 ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാപെൻഷൻ വിതരണത്തിന്റെയും സേവന പെൻഷൻ ഡാറ്റാബേസിന്റെയും കൃത്യത പരിശോധിക്കുന്നതിനായി സേവന പെൻഷൻ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ നവംബർ 2022 ലെ ബിൽ ഡിസ്ക്രിപ്പൻസിലിസ്റ്റ്, ഡി.ബി.റ്റി റിപ്പോർട്ടുകൾ എന്നിവയും 2021ലെ മരണ രജിസ്റ്ററുകളും അനുബന്ധഫയലുകളും പരിശോധനാവിധേയമാക്കി. ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റിൽ വിവിധ കാരണങ്ങളാൽ പെൻഷൻ സ്വീകരിക്കാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ പരിശോധിച്ച് സമയബന്ധിതമായി ഡാറ്റാ ബേസിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കണ്ടെത്തിയ വിവരങ്ങൾ താഴെ ചേർക്കുന്നു.
(ഓഡിറ്റ് അന്വേഷണം നം 10/ 08.02.23)

നവംബർ 2022 ലെ ബിൽ ഡിസ്ക്രിപ്പൻസി ലിസ്റ്റ് പ്രകാരം താഴെ പറയും വിധം 108 പെൻഷൻ ഗുണഭോക്താക്കളാണ് വിവിധ കാരണങ്ങളാൽ പെൻഷൻ തടഞ്ഞു വച്ചതായിട്ടുള്ളത്.

| പെൻഷൻ തടഞ്ഞു വക്കാനുള്ള കാരണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| മസ്റ്ററിംഗ് നടത്തിയിട്ടില്ല / ഹോം മസ്റ്ററിംഗിന് അപേക്ഷിച്ചിട്ടില്ല | 48 |
| പുനർവിവാഹിത അല്ല സർട്ടിഫിക്കറ്റ് സമർപ്പിച്ചിട്ടില്ല | 15 |
| Bank Account Closed Or Transferred/invalid Account | 12 |
| Deceased | 29 |
| സർക്കാർ ഉത്തരവ് പ്രകാരം 06.02.2017 ന ശേഷം ഒനിൽ കൂടുതൽ പെൻഷൻ അനുവദനീയമല്ല. | 1 |
| Door Closed | 3 |
| ആകെ | 108 |

മേൽ ലിസ്റ്റിൽ നിന്നും ഏതാനും ഗുണഭോക്താക്കളുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ സേവനയിൽ നിന്നും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടെത്തി.

1. മസ്റ്ററിംഗ് നടത്തിയിട്ടില്ല /ഹോം മസ്റ്ററിംഗിന് അപേക്ഷിച്ചിട്ടില്ല എന്ന കാരണത്താൽ ആഗസ്റ്റ് 2019 മുതൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു

മസ്റ്ററിംഗ് നടത്തിയിട്ടില്ല /ഹോം മസ്റ്ററിംഗിന് അപേക്ഷിച്ചിട്ടില്ല എന്ന കാരണത്താൽ പെൻഷൻ തടഞ്ഞു വച്ചിട്ടുള്ള ഏതാനും ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | പെൻഷൻ തടഞ്ഞു വച്ചിട്ടുള്ള കാലഘട്ടം |
|---|---|---|
| പെട്ട | 108590101066 (കർഷക തൊഴിലാളി പെൻഷൻ) | ആഗസ്റ്റ് 2019 നവംബർ 2022 വരെ മുതൽ തടഞ്ഞു വച്ചിരിക്കുന്നു |
| കല്യാണി | 108590100992 (കർഷക തൊഴിലാളി പെൻഷൻ) | ആഗസ്റ്റ് 2019 നവംബർ 2022 വരെ മുതൽ തടഞ്ഞു വച്ചിരിക്കുന്നു |
| ചെല്ല | 108590100877 (കർഷക തൊഴിലാളി പെൻഷൻ) | ആഗസ്റ്റ് 2019 നവംബർ 2022 വരെ മുതൽ തടഞ്ഞു വച്ചിരിക്കുന്നു |
| കുഞ്ചുകുട്ടി | 108590100067 (കർഷക തൊഴിലാളി പെൻഷൻ) | ആഗസ്റ്റ് 2019 നവംബർ 2022 വരെ മുതൽ തടഞ്ഞു വച്ചിരിക്കുന്നു |
| കണ്ണ | 108590100702 (കർഷക തൊഴിലാളി പെൻഷൻ) | ആഗസ്റ്റ് 2019 നവംബർ 2022 വരെ മുതൽ തടഞ്ഞു വച്ചിരിക്കുന്നു |
| കുഞ്ചി | 108590100588 (കർഷക തൊഴിലാളി പെൻഷൻ) | ആഗസ്റ്റ് 2019 നവംബർ 2022 വരെ മുതൽ തടഞ്ഞു വച്ചിരിക്കുന്നു |

ജി.ഒ (എം.എസ്) 483/17 ഫിൻ തീയതി 06.11.17 ലെ എല്ലാ വർഷവും ഡിസംബർ 31 ന മുമ്പ് പെൻഷൻ ഗുണഭോക്താക്കൾ മസ്റ്റർ ചെയ്യണമെന്ന് നിർദ്ദേശിച്ചതു പ്രകാരം 2019 വർഷം മാത്രമാണ് നിർബന്ധിത മസ്റ്ററിംഗ് നടന്നത്. 2020 ൽ കോവിഡ് വന്നതോടെ ഈ വിഷയത്തിൽ തുടർ നടപടികൾ വൈകുകയും പിന്നീട് 15.01.2022 ലെ കത്ത് നം 1492204 എസ്.എഫ്. സി-ബി2/2020/ധന പ്രകാരം 2019 ഡിസംബർ 31 വരെയുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ഇനിയും മസ്ററിംഗ് പൂർത്തീകരിക്കാത്ത പെൻഷന് അർഹതയുള്ള ഗുണഭോക്താക്കൾക്ക് വിവിധ അക്ഷയകേന്ദ്രങ്ങൾ വഴി ബയോമെട്രിക് മസ്റ്ററിംഗ് നടത്തുന്നതിനും കിടപ്പുരോഗികളായ പെൻഷൻ ഗുണഭോക്താക്കൾക്ക് ഹോം മസ്റ്ററിംഗ് നടത്തുന്നതിനും 2022 ഫെബ്രുവരി 28 വരെ സമയം ദീർഘിപ്പിച്ച് നൽകുകയും

സ്ഥാപനജനപ്രതിനിധികളുടെ കൂടി സേവനം ലഭ്യമാക്കി മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിന് അതത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

എന്നാൽ കൃത്യമായ തുടർ നടപടികൾ ഉണ്ടാകാത്തതിനാൽ ഇപ്പോഴും 2019 ലെ മസ്റ്ററിംഗിനു ശേഷം മസ്റ്ററിംഗ് നടന്നിട്ടില്ല. ഇത്തരത്തിലുള്ള എല്ലാ ഗുണഭോക്താക്കളുടെയും പെൻഷൻ തടഞ്ഞു വച്ചിട്ടുള്ള കാലഘട്ടം ആഗസ്റ്റ് 2019 മുതൽക്കാണ് ആരംഭിക്കുന്നത്. അതായത് ജൂലൈ 2019 വരെ വരെ മസ്റ്ററിംഗ് നടത്തിയ ഗുണഭോക്താക്കൾ ഒഴികെ ആ സമയത്ത് നിലവിലുണ്ടായിരുന്ന എല്ലാ പെൻഷൻ ഗുണഭോക്താക്കളുടെയും നവംബർ 2022 വരെയുമുള്ള പെൻഷൻ ഈ കഴിഞ്ഞ 40 മാസങ്ങളായി തടഞ്ഞു വച്ചിരിക്കുകയാണ്. സമൂഹത്തിൽ ഏറ്റവും അർഹനായ ഒരു ക്ഷേമപെൻഷൻ ഗുണഭോക്താവിന് 40 മാസങ്ങളായി അർഹതപ്പെട്ട പെൻഷൻ ലഭിച്ചിട്ടില്ല എന്ന വിഷയം വളരെ പ്രാധാന്യമർഹിക്കുന്നതാണ്. കൂടാതെ നിലവിൽ ഇവരിൽ പലരും മരണപ്പെടുകയോ മറ്റേതെങ്കിലും തരത്തിൽ അർഹത നഷ്ടപ്പെടുകയോ ചെയ്തിട്ടുണ്ടാവാം. ഇത്തരത്തിലുള്ള കേസുകൾ കണ്ടെത്തി ഗുണഭോക്തൃലിസ്റ്റിൽ നിന്നും നീക്കം ചെയ്യുന്നില്ല എന്നുള്ളതും പ്രധാനമാണ്.

ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

2. Account Closed Or Transferred എന്ന കാരണത്താൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്നു

ബാങ്ക് അക്കൗണ്ട് വഴി പെൻഷൻ കൈപ്പറ്റുന്ന ഏതാനും ഗുണഭോക്താക്കളുടെ പെൻഷണർ ഐ.ഡി ഉപയോഗിച്ച് ഇവരുടെ ഡി.ബി.റ്റി റിപ്പോർട്ടുകൾ പരിശോധിച്ചതിൽ നിന്നും ഇവരുടെ ബാങ്ക് അക്കൗണ്ടുകൾ നിലവിൽ ക്ലോസ് ചെയ്തിട്ടുള്ളതായി കാണുന്നുണ്ട്. ഏതാനും പേരുടെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | ഡി.ബി.റ്റി റിപ്പോർട്ട് പ്രകാരം<br>തുക തടഞ്ഞു വച്ച മാസങ്ങൾ |
|---|---|---|---|
| 1 | കൃഷ്ണൻ | 10859010058<br>കർഷക തൊഴിലാളി പെൻഷൻ | ഡിസംബർ 2020<br>മുതൽ നാളിതുവരെ |
| 2 | ഗോവിന്ദൻ | 108590201031<br>വാർദ്ധക്യ കാല പെൻഷൻ | ഒക്ടോബർ 2020 മുതൽ<br>നാളിതുവരെ |
| 3 | നാരായണൻ പി | 108590201066<br>വാർദ്ധക്യ കാല പെൻഷൻ | ജനവരി 2021 മുതൽ<br>നാളിതുവരെ |
| 4 | കമലം | 108590600439<br>വിധവ പെൻഷൻ | സെപ്റ്റംബർ 2020<br>മുതൽ നാളിതുവരെ |
| 5 | രാധാകൃഷ്ണൻ. എൻ | 108590201496<br>ദേശീയ വാർദ്ധക്യകാല പെൻഷൻ) | മെയ് 2020 മുതൽ<br>നാളിതുവരെ |

ഒരു വ്യക്തിയുടെ വ്യക്തിഗത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ട സാഹചര്യം ഉണ്ടാകുന്നത് കൂടുതലായും വ്യക്തികൾ മരണപ്പെടുമ്പോഴാണ്. ആയതിനാൽ ഇത്തരത്തിലുള്ള ഓരോ കേസും അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇവർക്ക് അർഹത നഷ്ടപ്പെടുന്നതിനും ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനും ഇടയിലുള്ള കാലയളവിൽ ഇവരുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തിട്ടുണ്ടെങ്കിൽ ആയത് തിരികെ ഈടാക്കേണ്ടതുമാണ്.

3. വിവാഹിത അല്ല/ പുനർവിവാഹിത അല്ല സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ പെൻഷൻ തടഞ്ഞു വച്ചിരിക്കുന്ന

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | പെൻഷണർ ഐ.ഡി | തുക തടഞ്ഞു വച്ച മാസങ്ങൾ |
|---|---|---|---|
| 1 | ലീലാവതി | 108590500052 (50 വയസ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ) | മെയ് 2020 മുതൽ നാളിതു വരെ |
| 2 | സുബൈദ | 108590600258 (വിധവ പെൻഷൻ) | മെയ് 2020 മുതൽ സെപ്റ്റംബർ 2020 വരെ തടഞ്ഞുവച്ചു. പിന്നീട് ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിൽ 1400 രൂപ വീതം കൈപ്പറ്റിയിട്ടുണ്ട്. ജനവരി 2021 മുതൽ ഏപ്രിൽ 2022 വരെ Deceased എന്നു കാണിച്ചിട്ടുണ്ട്. മെയ് 2022 മുതൽ നാളിതു വരെ വീണ്ടും പുനർവിവാഹിത സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ തടഞ്ഞു വച്ചിട്ടുണ്ട്. |
| 3 | ശിവഭാഗ്യം | 108590600563 (വിധവ പെൻഷൻ) | മെയ് 2020 മുതൽ നാളിതു വരെ |
| 4 | ഉഷ.എം | 108590601011 (വിധവ പെൻഷൻ) | ഫെബ്രുവരി 2021 മുതൽ ഏപ്രിൽ 2022 വരെ Remarried എന്ന കാണിച്ചിട്ടുള്ളതാണ്. എന്നാൽ മെയ് 2022 മുതൽ പുനർവിവാഹിത സർട്ടിഫിക്കറ്റ് ഇല്ലാത്തതിനാൽ തടഞ്ഞു വച്ചിട്ടുണ്ട്. |
| 5 | രമാദേവി എൻ. പി | 108590600801 (വിധവ പെൻഷൻ) | മെയ് 2022 മുതൽ നാളിതു വരെ |

ക്രമ നം 2 പ്രകാരമുള്ള ശ്രീമതി സുബൈദ (ആധാർ ഐ.ഡി-6575 5747 7232) 20.01.2021 തീയതിയിൽ മരണപ്പെട്ടിട്ടുള്ളതും ഇവരുടെ മരണം ചിറ്റൂർ തത്തമംഗലം നഗരസഭയിൽ നം. 33/2021 തീയതി 05.02.21 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. നിലവിലും ഇവർ Active പെൻഷനറുടെ ലിസ്റ്റിൽ തുടരുന്നു. തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇത്തരത്തിലുള്ള 15 ഗുണഭോക്താക്കൾ ഡിസ്ക്രിപ്പൻസി ലിസ്റ്റിലുണ്ട്. എല്ലാ ഗുണഭോക്താക്കളുടെയും തത്

സ്ഥിതി പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

4.ഡാറ്റാ ബേസിൽ Deceased എന്ന കാണിച്ചിട്ടുള്ള ഗുണഭോക്താക്കളെ യഥാ സമയം സസ്പെൻഡ് ചെയ്യുന്നില്ല

Deceased എന്ന സ്റ്റാറ്റസിൽ 29 ഗുണഭോക്താക്കൾ ഉണ്ട്. സെപ്റ്റംബർ 2022 മുതൽ കുഞ്ചു-108590101033, ലക്ഷ്മിക്കുട്ടി പി -108590200893 എന്നിവർ ഉദാഹരണമായി ചേർക്കുന്നു. എല്ലാ ഗുണഭോക്താക്കളേയും സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം 10/ 08.02.23 പ്രകാരം മേൽ വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽ കൊണ്ടു വന്നിട്ടുള്ളതാണെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

ഒരേ കാരണം കൊണ്ട് തുടർച്ചയായി 3 മാസം വരെ പെൻഷൻ തടഞ്ഞു വച്ചിട്ടുള്ള ഗുണഭോക്താക്കളുടെ യഥാർത്ഥ സ്ഥിതി വിലയിരുത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഗുണഭോക്താക്കൾ അനർഹമായി തുക കൈപ്പറ്റിയതായി കണ്ടെത്തുന്ന പക്ഷം ആയത് തിരികെ ഈടാക്കേണ്ടതാണ്.

തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

1-27 ഹരിതകർമ്മസേനക്ക് വാഹനം വാങ്ങൽ

പ്രോജക്ട് നം 200/22

ഹരിതകർമ്മസേനക്ക് വാഹനം വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ - സെക്രട്ടറി

അടങ്കൽ -405000 ( 105000-സി.എഫ്. സി ഗ്രാന്റ്, 242960-ശുചിത്വമിഷൻ വിഹിതം, 55000-വികസനഫണ്ട് ജനറൽ)

ചെലവ് -402960

(55000-36/25.03.22, 105000- വൗച്ചർ നം XVFC/21-22/P/22/18.03.22, 242960- )

(ഓഡിറ്റ് എൻക്വയറി നം 6/07.02.23 )

ഹരിത കർമ്മസേന വഴിയുള്ള മാലിന്യ നീക്കം സുഗമമാക്കുന്നതിന് ഇലക്ട്രിക് ഓട്ടോ വാങ്ങി നൽകുന്നതിനാണ് പ്രോജക്ട് ലക്ഷ്യമിട്ടത്.

ആയതനുസരിച്ച് PBM ഓട്ടോമോട്ടീവ് LIP കൽമണ്ഡപം എന്ന സ്ഥാപനത്തിൽ നിന്നും Mahindra Treo Zor 46952 മോഡലിലുള്ള 337 കി.ഗ്രാം Pay Load ഉള്ള ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന E-Rikshaw With Cart(G) വാഹനം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

വാഹനം 25.06.2022 ന് ഹരിതകർമ്മസേനയുടെ മേൽനോട്ടം വഹിക്കുന്ന കുടുംബശ്രീക്ക് കൈമാറി നൽകിയിട്ടുണ്ട്. കുടുംബശ്രീ ചാർജ്ജ് ഓഫീസറായ അസിസ്റ്റന്റ് സെക്രട്ടറിയും കുടുംബശ്രീ ചെയർപേഴ്സണും ചേർന്ന് തയ്യാറാക്കിയ ഉടമ്പടി പത്രം പ്രകാരം വാഹനത്തിന്റെ ഉപയോഗം സംബന്ധിക്കുന്ന രജിസ്റ്റർ, ലോഗ്ബുക്ക് , ഇവ സൂക്ഷിക്കേണ്ടതിന്റെയും വാഹനത്തിന്റെ റിപ്പയർ, മെയിന്റനൻസ്, സർവ്വീസുകൾ തുടങ്ങിയവയുടെയും ഡ്രൈവർ നിയമനം, ഡ്രൈവറുടെ പ്രവർത്തനനിരീക്ഷണം, തുടങ്ങിയ ചുമതലകളും കുടുംബശ്രീക്ക് നൽകിയിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിക്കുമ്പോൾ ഒരു മാസം മാത്രമാണ് മാലിന്യനീക്കത്തിനായി വാഹനം ഉപയോഗിച്ചിട്ടുള്ളതെന്ന് കാണുന്നു. ഒരു മാസം ഡ്രൈവറെ ഉപയോഗിച്ച് പ്രവർത്തിച്ചിട്ടുണ്ടെങ്കിലും പിന്നീട് ഡ്രൈവറെ ലഭ്യമല്ലാത്തതിനാണ് വാഹനം ഉപയോഗിക്കാത്തതെന്ന് ഗ്രാമപഞ്ചായത്ത് നൽകിയ വിശദീകരണം. വാഹനം നിലവിൽ ഗ്രാമപഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്.

തുടർച്ചയായി ഉപയോഗിക്കാതെ സൂക്ഷിക്കുന്നത് ഇലക്ട്രിക് വാഹനങ്ങൾ എളുപ്പത്തിൽ കേടുപാടുകൾ സംഭവിക്കുന്നതിന് കാരണമാകുന്നതാണ്. വാഹനം എത്രയും വേഗം ഉപയോഗിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-28 ഹരിതകർമ്മസേനയുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തുന്നതിനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മസേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്.

ഹരികർമ്മസേനാംഗങ്ങളെ നേരിൽ കേട്ടതിന്റെ അടിസ്ഥാനത്തിൽ ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

വീടുകളിൽ നിന്ന് 50രൂപയും കടകളിൽ നിന്ന് 100രൂപയും ആണ് യൂസർഫീ നിശ്ചയിച്ചിട്ടുള്ളത്. ആകെ 30 പേരാണ് അംഗങ്ങളായിട്ടുള്ളത്. 5 കൺസോർഷ്യം രൂപീകരിച്ചിട്ടുള്ളതിൽ 2 ഗ്രൂപ്പുകൾ സംരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ പ്രധാന എം.സി.എഫ് 15ാംവാർഡിൽ പറക്കുളം എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്നു. ആകെ 15 വാർഡുകളിൽ 13 വാർഡുകളിലും മിനി എം.സി എഫുകൾ ഇപ്പോൾ നിലവിലുണ്ട്. 2 വാർഡുകളിലെ മിനി എം.സി.എഫുകൾ സാമൂഹ്യ വിരുദ്ധർ തീ വച്ച് നശിപ്പിപ്പിച്ചതായും അറിയിച്ചു.

സ.ഉ(സാധാ)നം.306/2019/തസ്വ.ഭവ തിയതി 12-02-2019 പ്രകാരം എം.സി.എഫ് ആരംഭിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ മാതൃകാ പ്ലാൻ അനുസരിച്ചുള്ള എം.സി.എഫ്. കേന്ദ്രം അല്ല ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. പ്രധാന എം.സി.എഫ് കേന്ദ്രം കുടിവെള്ള പദ്ധതിക്കായുള്ള വാട്ടർ ടാങ്കിനു താഴെ ആയാണ് സജ്ജീകരിച്ചിട്ടുള്ളത്. ഇവിടെ ആവശ്യത്തിന് സൗകര്യം ഇല്ല എന്നും വീടുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സൂക്ഷിക്കുന്നതിന് സാധിക്കുന്നില്ല എന്നും സേനാംഗങ്ങൾ അറിയിച്ചു. സേനാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം ലഭിച്ചിട്ടില്ലാത്തതിനാൽ ബെയ്‌ലിംഗ് മെഷീൻ പ്രവർത്തിപ്പിക്കുന്നില്ല. എം.സിഎഫിൽ സൗകര്യക്കുറവ് ഉള്ളതിനാൽ ഒന്നിടവിട്ട മാസങ്ങളിൽ മാത്രമാണ് ഹരിത കർമ്മസേന പ്രവർത്തിച്ചു വരുന്നത്. യൂസർ ഫീ നൽകുന്നതിൽ ചില വീടുകളും കടകളും ഇപ്പോഴും വിമുഖത കാണിക്കുന്നതായും മാലിന്യനീക്കത്തിനായി ലഭ്യമായ വാഹനം ഒരു മാസം മാത്രമാണ് ഉപയോഗിച്ചിട്ടുള്ളതെന്നും സേനാംഗങ്ങൾ അറിയിച്ചു. റിവ്യൂ യോഗങ്ങളിൽ ഈ വിവരങ്ങൾ ചുമതലയുള്ള ഉദ്യോഗസ്ഥരെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെയും അറിയിച്ചിട്ടുള്ളതാണ്. 131 ടൺ അജൈവമാലിന്യം തൻവർഷം ക്ലീൻ കേരള കമ്പനിക്ക് കൈമാറിയിട്ടുണ്ട്.

ജി.ഒ(ആർടി)നം.949/2021/തസ്വഭവ തിയതി 5-5-2021 പ്രകാരം മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ വി.ഇ.ഒ മാരുടെ ഉത്തരവാദിത്തങ്ങൾ വിവരിച്ചിട്ടുണ്ട്. ആയത് പ്രകാരം പദ്ധതികൾ തയ്യാറാക്കുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളിൽ ഇടപെടൽ നടത്തുന്നതിനും എം.സി.എഫിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനുമുള്ള ചുമതല വി.ഇ.ഒ യ്ക്കാണ് നൽകിയിട്ടുള്ളത്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ഹരിതകർമ്മസേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്. അംഗീകൃത പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരമുള്ള യൂസർ ഫീസ് എല്ലാവരിൽ നിന്നും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.
  യൂസർ ഫീ പിരിവ് കാര്യക്ഷമമാക്കുന്നതിനായി ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
- എം. സി.എഫിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- സേനാംഗങ്ങളിൽ തന്നെ താല്പര്യമുള്ളവർക്ക് ഡ്രൈവിംഗ് പരിശീലനം നൽകി വാഹനം ഉപയോഗിക്കുന്നതിന് ശ്രമിക്കാവുന്നതാണ്.

- ഹരിത കർമ്മസേനയുടെ പ്രവർത്തനശേഷി നിരന്തരം ഉയർത്തുന്നതിനുള്ള പിന്തുണയും പ്രോത്സാഹനവും ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണ്. കർമ്മസേനയുടെ തൊഴിൽ മാന്യത ഉറപ്പു വർദ്ധിപ്പിക്കേണ്ടതും ആത്മവിശ്വാസം നിലനിർത്തുന്നതും ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണ്.

കൃത്യമായ മോണിറ്ററിംഗിലൂടെയും തുടർ പ്രവർത്തനങ്ങളിലൂടെയും നിലവിലെ അവസ്ഥക്ക് പരിഹാരം കാണേണ്ടതാണ്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-29 അസിസ്റ്റന്റ് എഞ്ചിനിയർ നടപ്പാക്കിയ പദ്ധതികൾ - പൊതുവായ വിവരങ്ങൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി അംഗീകാരം ലഭിച്ച പ്രൊജക്ടുകളുടെയും പൂർത്തിയാക്കി ബിൽ തുക നൽകിയതിന്റെയും ചെലവഴിച്ച തുകയുടെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | സ്പിൽ ഓവർ | പുതിയത് | ആകെ |
|---|---|---|---|
| അംഗീകാരം ലഭിച്ചത് | 33 | 66 | 99 |
| പൂർത്തിയാക്കി ബിൽ തുക അനുവദിച്ചത് | 18 | 43 | 61 |
| പൂർത്തീകരിച്ചതിന്റെ ശതമാനം | 54.55 | 65.15 | 61.62 |

ചെലവഴിച്ച തുകയുടെ വിവരം :

| ഫണ്ടിനം | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 433700 | 0 | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 1750000 | 825250 | 47.16 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 6204500 | 2065709 | 33.29 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1320335 | 259241 | 19.63 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 1200000 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 12429000 | 8905514 | 71.65 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 3675000 | 1714547 | 46.65 |
| തനത് ഫണ്ട് | 320000 | 47817 | 14.94 |
| ആകെ | 27332535 | 13818078 | 50.56 |

ഏറ്റെടുത്ത പ്രവൃത്തികളിൽ 61.62%പൂർത്തീകരിച്ചപ്പോൾ വകയിരുത്തിയ തുകയുടെ 50.56% മാത്രമാണ് ചെലവഴിക്കാനായത്. സ്പിൽ ഓവർ പ്രവൃത്തികളിൽ പതിനഞ്ച് എണ്ണം തൻവർഷം പൂർത്തീകരിച്ചിട്ടില്ല. സ്പിൽ ഓവർ പ്രവൃത്തികൾ വർഷാരംഭത്തിൽ തന്നെ പൂർത്തീകരിച്ച് തുക നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. മെയിന്റനൻസ് ഫണ്ടുകൾ പൂർണ്ണമായും ചെലവഴിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കപ്പെട്ട ബഡ്ജറ്റ് മാന്വലിലെ സമയക്രമമനുസരിച്ച്

തുടർവർഷങ്ങളിൽ പദ്ധതി ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിച്ച് സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ നഷ്ടപ്പെടുത്താതെ പൂർണ്ണമായും വിനിയോഗിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-30 ഒരേ റോഡിന്റെ സെക്കന്റ് മെറ്റലിങ്ങും ടാറിങ്ങും രണ്ടു റീച്ചുകളായി വിഭജിച്ച് രണ്ട് പ്രൊജക്ടുകളായി നടപ്പാക്കി

ഒരേ റോഡിന്റെ സെക്കന്റ് മെറ്റലിങ്ങും ടാറിങ്ങും രണ്ടു റീച്ചുകളായി വിഭജിച്ച് രണ്ട് പ്രൊജക്ടുകളായിട്ടാണ് നടപ്പാക്കിയത്.

പ്രൊജക്ട് നമ്പർ 33/22: കളിമൺപാടം സെക്കന്റ് മെറ്റലിങ് & ടാറിങ് ഫസ്റ്റ് റീച്ച് (വാർഡ് 6) എന്ന പ്രവൃത്തിക്കായി 151 മീറ്റർ നീളത്തിൽ സെക്കന്റ് മെറ്റലിങ്ങിനായി റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും ₹300,000/- വകയിരുത്തി പ്രൊജക്ട് നടപ്പാക്കി. ഇതേ റോഡിന്റെ തുടർച്ചയായ ഭാഗം 114 മീറ്റർ നീളത്തിൽ സെക്കന്റ് മെറ്റലിങ്ങിനായി റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും ₹220,000/- വകയിരുത്തി 34/22: കളിമൺപാടം സെക്കന്റ് മെറ്റലിങ് & ടാറിങ് സെക്കന്റ് റീച്ച് (വാർഡ് 6) എന്ന പേരിൽ മറ്റൊരു പ്രൊജക്ട് നടപ്പാക്കി.

ഒരു പ്രൊജക്ട് നടപ്പാക്കുന്നതിന് പകരം ഒരു പ്രവൃത്തി വിഭജിച്ച് രണ്ട് പ്രൊജക്ടുകൾ തയ്യാറാക്കി ടെണ്ടർ നടത്തി നിർവ്വഹിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ 7-1/08-02-2023) മറുപടി ലഭ്യമാക്കിയ മറുപടിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സൈറ്റ് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ഫണ്ട് ഉപയോഗിക്കാൻ സാധിക്കാത്ത റോഡുകൾ കാണിച്ചു തന്നതിൻ പ്രകാരം ആ ഫണ്ടുകൂടി മേൽ റോഡിന്റെ ബാക്കി ഭാഗം കൂടി പൂർത്തികരിക്കാൻ എടുത്തതിനാലാണ് രണ്ട് ഫേസുകളായി ചെയ്യേണ്ടിവന്നതെന്ന് പരാമർശിച്ചിട്ടുണ്ട്.

ഓഡിറ്റ് നിരീക്ഷണം :

ഒരേ റോഡിന്റെ തുടർച്ചയായ ഭാഗങ്ങൾ രണ്ട് പ്രൊജക്ടുകളായി വിഭജിച്ച് ചെയ്തത് ശരിയായ നടപടിയല്ല. പ്രവൃത്തി സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ആ റോഡിന് റീ ടാറിങ് ആവശ്യമായ മുഴുവൻ റീച്ചും ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. ജോലി ഭാരം ഇരട്ടിയാകുന്നത് കൂടാതെ ഇ-ടെണ്ടർ ചെയ്യേണ്ടിയിരുന്ന ഈ പ്രവൃത്തി രണ്ട് പ്രവൃത്തികളാക്കിയപ്പോൾ മാന്വൽ ടെണ്ടറിലൂടെയാണ് നടപ്പാക്കിയത്. ഇത് ടെണ്ടറിലെ മൽസര സ്വഭാവത്തിലും മാറ്റം വരുത്തുന്നു. പ്രവൃത്തിയുടെ ഗുണ നിലാവരത്തിലും ഇത് മൂലം വ്യത്യാസം വരാവുന്നതാണ്.

ഭാവിയിൽ ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതും തുടർച്ചയായ റീച്ചുകൾ ഒരേ പ്രവൃത്തിയായി ചെയ്യാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-31 പാർട്ട് ബിൽ നൽകി നാളിതുവരെ പൂർത്തിയാക്കാത്ത പ്രവൃത്തിയുടെ പൂർത്തീകരണ വിവരം ലഭ്യമാക്കണം

190/22: കൊല്ലങ്കോട് പറമ്പ് കുന്നേക്കാട് തണ്ണീർ പന്തൽ മെയിൻ റോഡ് ഉപ്പംപാടം കാളിയംകുന്നം മിച്ച ഭൂമി കോളനി കണ്ണമ്പരിയാരം എന്നിവിടങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ എന്ന പ്രവൃത്തിയുടെ പാർട്ട് ബിൽ തുകയാണ് അനുവദിച്ചിരിക്കുന്നത്. ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ₹400,000/- വകയിരുത്തിയ ഈ പ്രവൃത്തിക്കായി ബിൽ നമ്പർ 43/30.03.22 പ്രകാരം 268,976/- ആദ്യ പാർട്ട് ബിൽ ആയി അനുവദിച്ചിട്ടുണ്ട്. കരാർ പ്രകാരം 21.06.2022ന് പൂർത്തീകരിക്കേണ്ട ഈ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം (പൂർത്തീകരിച്ച തീയതിയും തുക അനുവദിച്ചതിന്റെ വിവരവും) അറിയിക്കേണ്ടതിനും അളവുപുസ്തകം ഹാജരാക്കുന്നതിനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നമ്പർ 7-3/08-02-2023) മറുപടിയിൽ സ്പിൽ ഓവറായി നടപ്പാക്കിവരുന്ന ഈ പ്രവൃത്തി പൂർത്തിയായ ഉടൻ രേഖകൾ സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പ്രവൃത്തി പൂർത്തിയാക്കി അവസാന ബിൽ തുക നൽകിയ ശേഷം വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 4.02.2023 മുതൽ 10.02.2023 വരെ | ഈ റിപ്പോർട്ടിന്റെ അനുബന്ധം 2ആയി ചേർത്തിട്ടുണ്ട്. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കുഴൽമന്ദം ബ്ലോക്ക് പഞ്ചായത്ത് | 2020-21 (Revenue) 2020-21 (Capital) | 232901 | 2020-21 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക വിവരം , വിശദാംശങ്ങൾ ലഭ്യമല്ല. | 2 | 232899 |
| | | 512463 | | 0 | 512463 |
| | 2021-22 | 75000 | 63/22 ഭിന്നശേഷി സ്കോളർഷിപ്പ് – എസ്. സി. പി | 75000 | 0 |
| | 2021-22 | 64200 | 11/22 ഭിന്നശേഷി സ്കോളർഷി | 64200 | 0 |

| | | | | | |
|---|---|---|---|---|---|
| | | | പ്പ്-ജനറൽ | | |
| | 2021-22 | 40000 | 50/22 നെൽകൃഷിക്ക് ഉഴവുകൂലി സബ്സിഡി | 40000 | 0 |
| | 2021-22 | 1360000 | 49/22 നെൽകൃഷിക്ക് കൂലിച്ചെലവ് – ജനറൽ | 1360000 | 0 |
| | 2021-22 | 20000 | Revenue From Block-നേരിട്ട് ലഭ്യമായത് | 0 | 20000 |
| ആകെ | | 2304564 | | 1539202 | 765362 |
| പാലക്കാട് ജില്ലാ പഞ്ചായത്ത് | 2020-21 (Revenue) | 2191655 | 2020-21 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള തുക വിവരം , വിശദാംശങ്ങൾ ലഭ്യമല്ല. | 0 | 2191655 |
| | 2021-22 | 299500 | 11/22 ഭിന്നശേഷി സ്കോളർഷിപ്പ്-ജനറൽ | 299500 | 0 |
| | 2021-22 | 90000 | 134/22 (S.O) ലൈഫ് ഭവന നിർമ്മാണം – ജനറൽ | 90000 | 0 |
| | 2021-22 | 860000 | 13/22, ലൈഫ് ഭവന നിർമ്മാണം – ജനറൽ | 860000 | 0 |
| | 2021-22 | 180000 | 14/22 ലൈഫ് ഭവന നിർമ്മാണം – എസ്.സി.പി | 180000 | 0 |
| | 2021-22 | 150000 | 38/22, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 150000 | 0 |
| | 2021-22 | 90000 | 50/22 നെൽകൃഷിക്ക് ഉഴവുകൂലി സബ്സിഡി | 90000 | 0 |
| | 2021-22 | 2310000 | 49/22 നെൽകൃഷിക്ക് കൂലിച്ചെലവ് -ജനറൽ | 2310000 | 0 |
| ആകെ | | 6171155 | | 3979500 | 2191655 |

| | | | | | |
|---|---|---|---|---|---|
| Capital From Village Panchayath | 2020-21 ലെ തുക | 20000 | വിശദാംശങ്ങൾ ലഭ്യമല്ല. | 0 | 20000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഏജൻസി | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പ്രോജക്റ്റ് നം 114/22 തെരുവുവിളക്കുകൾക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കലും ലൈൻ വലിക്കലും | കുഴൽമന്ദം കെ. എസ്.ഇ.ബി സബ് സെക്ഷൻ | XVFC/21-22 /P/2/30.10.21 | 9521 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | |
| | | | XVFC/21-22 /P/9/22.12.21 | 83497 | | |
| | | | XVFC/21-22 /P/26/24.03.22 | 24384 | | |
| | | | XVFC/21-22 /P/30/30.03.22 | 60623 | | |
| | | ബിഗ്ബസാർ കെ. എസ്.ഇ.ബി സബ് സെക്ഷൻ | XVFC/21-22 /P/2/30.10.21 | 19960 | 19960 | 0 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായി |
| | | കൊടുവായൂർ കെ. എസ്.ഇ.ബി സബ് സെക്ഷൻ | XVFC/21-22 /P/12/19.02.22 | 23600 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | |
| | | പുതുനഗരം കെ. എസ്.ഇ.ബി സബ് സെക്ഷൻ | XVFC/21-22 /P/20/10.03.22 | 62304 | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ചെലവില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1480000 രൂപ വരവുണ്ട്. വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പ | ഉത്തരവ് | വായ്പ | വർഷാരംഭ | തൻ | തൻവർഷം | വർഷാവ |
|---|---|---|---|---|---|---|

| യുടെ പേര്/ ഉദ്ദേശ്യം | നമ്പർ/ തിയ്യതി | തുക | ത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വർഷം ലഭ്യമായ തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ.(സാധാ) നം 68/2018 ത.സ്വ.ഭ.വ/ 18.05.18 | ലഭ്യമല്ല | 28742464 | 1480000 | 1943333 (സ്രോതസ്സിൽ നിന്നും കുറവ് ചെയ്തത്)+ 220000 (ഗുണഭോക്താക്കൾ തിരിച്ചടച്ചത്) | 0 | 28059131 |

## 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഹെഡിൽ 147984രൂപ വരവ് കാണിച്ചിട്ടുണ്ട്. ഇതിൽ 139408രൂപ മാത്രമാണ് റിക്കവറി ഇനത്തിലുള്ള യഥാർത്ഥ വരവ് . ബാക്കി തുക തെറ്റായി ഈ ഹെഡിൽ അക്കൗണ്ട് ചെയ്തിട്ടുള്ള തുകയാണ്. തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 16(2) | 9936 | വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ ഈടാക്കിയ തുക | 12102101174/ 04.08.21 |
| 2018-19 | 16(5) | 6832 | | 12102101175/ 04.08.21 |
| 2017-18 | 2-1(എ) | 2500 | | 12102104231/ 11.01.22 |
| 2016-17 | 3-1 | 9000 | | 12102104398/ 18.01.22 |
| 2018-19 | 1-13(3) | 1200 | | 12102104541/ 24.01.22 |
| 2018-19 | 1-13(3) | 1200 | | 12102104542/ 24.01.22 |
| 2018-19 | 1-13(3) | 1200 | | 12102104543/ 24.01.22 |
| 2018-19 | 1-13(3) | 1200 | | 12102104544/ 24.01.22 |
| 2018-19 | 1-13(3) | 600 | | 12102104554/ 24.01.22 |
| 2018-19 | 1-13(3) | 1920 | | 12102104555/ 24.01.22 |

| | | | | |
|---|---|---|---|---|
| 2018-19 | 1-13(3) | 1200 | | 12102104556/ 24.01.22 |
| 2016-17 | 2-1 | 1200 | | 12102105173/ 16.022022 |
| 2017-18 | 2-1 | 4320 | | 12102105174/ 16.02.2022 |
| 2017-18 | 2-1 | 1800 | | 12102105175/ 16.02. 2022 |
| 2018-19 | 1-13(3) | 2500 | | 12102105226/ 17.02.22 |
| 2018-19 | 1-13(1) | 3400 | | 12102105886/ 18.03.22 |
| 2018-19 | 1-13(1) | 5000 | | 12102105915/ 19.03.2022 |
| 2015-16 | 3-12 | 80000 | വി.ഇ.ഒ, ധനസഹായം കൈപ്പറ്റി ഭവന നിർമ്മാണം ആരംഭിക്കാത്ത ഗുണഭോക്താവിൽ നിന്നും ഈടാക്കിയ തുക | 12102105936/ 21.03.22 |
| 2018-19 | 1-13-2(5).1-13-3(5) | 2440 | വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഇനത്തിൽ ഈടാക്കിയ തുക | 12102105976/ 24.03.22 |
| 2018-19 | 1-133(5 | 1960 | | 12102105175/ 25.03.22 |
| | | 139408 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 2015-16 | 5-2 | ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർ വത്കരണം- വിഷയാധിഷ്ഠിത അവലോകനം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ്/ സർചാർജ് നടപടികളിലൂടെ തുകയൊന്നും ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 107405531.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 82146546.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,409.00 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഒന്നുമില്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 13,050 | സോമസുന്ദരം, അസിസ്റ്റന്റ് സെക്രട്ടറി |
| 1-24 | 1,359 | ദേവദാസ്, വെറ്റിനറി സർജൻ |
| ആകെ | 14409 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഒന്നുമില്ല | |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

| | |
|---|---|
| ഖണ്ഡിക നമ്പർ | ഒന്നുമില്ല |

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സോമസുന്ദരം, അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി, വണ്ടാഴി ഗ്രാമ പഞ്ചായത്ത് | പറയങ്കുളമ്പ്, എത്തനൂർ, കൊട്ടുവായൂർ |

| | | |
|---|---|---|
| ദേവദാസ്, വെറ്റിനറി സർജൻ | വെറ്ററിനറി ഡിസ്പെൻസറി, കണ്ണാടി | ഗാർഡൻ അവന്യൂ, മണപ്പുള്ളിക്കാവ് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | LF.P7-748/89/7.6.01 |
| 1998-99 | LF.P7-648/01/7.7.01 |
| 1999-20 | LF.P7-793/04/5.11.05 |
| 2000-01 | LF.P7-793/04/5.11.05 |
| 2001-02 | LF.P7-762/06/19.2.07 |
| 2002-03 | LF.P7-763/06/19.2.07 |
| 2003-04 | LF.2091/Spl.Cell/22.7.08 |
| 2004-05 | LF.P15-1511/10 |
| 2005-06 | LF.P15-1345/10/18.11.10 |
| 2006-07 | LF.P15-1607/12/10.9.12 |
| 2007-08 | LF.P15-1749/11/26.12.11 |
| 2008-09 | LF.P15-1605/12/23.12.12 |
| 2009-10 | LF.P15-946/14/03.09.14 |
| 2010-11 | LF.P15-946/14/03.09.14 |
| 2011-12 | LF.P15-946/14/03.09.14 |
| 2012-13 | LF.P15-2250/14/09.03.15 |
| 2013-14, 2014-15 | K.S.A- P.K.D/15/591/ 2016/11.7.2016 |
| 2015-16 | KSA PKD/15/2136/16/29-12-16 |
| 2016-17 | കെ.എസ്.എ.പി.കെ.ഡി.15/ 1886/2017 |
| 2017-18 | കെ.എസ്.എ.പി.കെ.ഡി.15/ 774/2019 |
| 2018-19 | കെ.എസ്.എ.പി.കെ.ഡി.15/ 508/2020/19.05.2020 |
| 2019-20 | കെ.എസ്.എ.പി.കെ.ഡി.15/1183 |

| | |
|---|---|
| | /22/05.07.2022 |
| 2020-21 | കെ.എസ്.എ-പി.കെ.ഡി-15/1184/22/05/07/2022 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പാലക്കാട് ജില്ലയിലെ കണ്ണാടി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 3

## വാർഷിക ധനകാര്യ പത്രിക - സംക്ഷിപ്തം

1.RECEIPT & PAYMENT STATEMENT

| For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of hems | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 17572518.00 |
| Cash | Cash | RP-40(a) | 52428.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 2188888.00 |
| 130000000 | Rental income from Panchayat Properties | RP-3 | 45716.00 |
| 140000000 | Fees & User Charges | RP-4 | 628340.00 |
| 150000000 | Sale & Hire Charges | RP-5 | 279509.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 54385926.00 |
| 171000000 | Interest Earned | RP-9 | 471472.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 12303332.00 |
| 350000000 | Other Liabilities | RP-36 | 620115.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 155634.00 |
| 330000000 | Secured Loans | RP-32 | 1480000.00 |
| 340000000 | Deposits Received | RP-34 | 458153.00 |
| 350000000 | Other Liabilities | RP-36 | 522441.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 15365664.00 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 875395.00 |
| | Grand total | | 107405531.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 4181491.00 |
| 220000000 | Administrative Expenses | RP-12 | 1289187.00 |
| 230000000 | Operations & Maintenance | RP-13 | 2421470.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 8680363.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 20791193.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2649250.00 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 119148.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 1021800.00 |
| | Schemes | | |

| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 9042458.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 7500.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | RP-26 | 200037.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 1277376.00 |
| 350000000 | Other Liabilities | RP-36 | 7673260.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 2549.00 |
| 330000000 | Secured Loans | RP-32 | 220000.00 |
| 340000000 | Deposits Received | RP-34 | 409863.00 |
| 350000000 | Other Liabilities | RP-36 | 2931571.00 |
| 410000000 | Fixed Assets | RP-38 | 5571825.00 |
| 412000000 | Capital work in Progress | RP-40 | 2252652.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 8308233.00 |
| 440000000 | Pre-paid Expenses | RP-45 | 1340000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1755320.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 25232625.00 |
| Cash | Cash | RP-40(b) | 26360.00 |
| | Grand Total | | 107405531.00 |

2.INCOME & EXPENDITURE STATEMENT

| For the period from 01-April-2021 to 31-March-2022 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 110000000 | Tax Revenue | I-1 | 7429926.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 351137.00 |
| 140000000 | Fee & User Charges | I-4(b) | 895340.00 |
| 150000000 | Sale & Hire Charges | I-5(b) | 279509.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 140311294.00 |
| | Subsidies | | |
| 171000000 | Interest Earned | I-8 | 471472.00 |
| 180000000 | Other Income | I-9 | 155634.00 |
| | Total Income | | 149894312.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 13341363.00 |
| 220000000 | Administrative Expenses | I-11(b) | 1289187.00 |
| 230000000 | Operations & Maintenance | I-12(b) | 2421470.00 |
| 240000000 | Interest & Finance Charges | I-13 | 2549.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 8838052.00 |

| | | | |
|---|---|---|---|
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 48193131.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2491561.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 119148.00 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 56816300.00 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 9042458.00 |
| 260000000 | Grants, Contributions & Compensation from Own Fund / | I-15 | 7500.00 |
| | Subsidies | | |
| 270000000 | Provisions and Write off | I-16 | 131587.00 |
| | Total Expenditure | | 142694306.00 |
| | Gross Surplus / Deficit of income over Expenditure | | 7200006.00 |
| 280000000 | Prior Period Item / Transfer to Reserve Funds(ILGMS) | I-18 | -1632923.00 |
| | Net difference (Prior period Income - Prior period Expenditure) | | 8832929.00 |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18(a) | 0.0 |

3.BALANCE SHEET

| As on 31-March-2022 | | | |
|---|---|---|---|
| Code.No | Description of hems | | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 29661499.60 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 6315.00 |
| | Agency Fund | | |
| 312000000 | Reserves | B-3 | 66478930.00 |
| | Total Reserve & Surplus | | 96146744.60 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 7927158.00 |

| | | | |
|---|---|---|---|
| | Total Grants, Contributions for Specific Purposes | | 7927158.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 28059131.00 |
| | Total Loans | | 28059131.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 970393.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 1849447.40 |
| | Total Current Liabilities and Provisions | | 2819840.40 |
| | TOTAL LIABILITIES | | 134952874.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-1 | 81080118.00 |
| 411000000 | Accumulated Depreciation | B-1 | -10888141.00 |
| 412000000 | Capital Work in Progress | B-1 Ha) | 1191109.00 |
| | Total Fixed Assets | | 71383086.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 0.0 |
| | Total Investments | | 0.0 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 8434730.00 |
| 440000000 | Pre-paid Expenses | B-16 | 27959131.00 |
| Page No : 1 | | | |
| 450000000 | Cash and Bank Balance | B-17 | 25258985.00 |
| 460000000 | Loans, Advances and Deposits | B-18 | 1916942.00 |
| | Total Current Assets, Loans and Advances | | 63569788.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 134952874.00 |

ഡെപ്യൂട്ടി ഡയറക്ടർ